Q23:4194 32J3

KEDARA MAHATMYAM

KRISHNAN NAYAR.

Q23:4194
32J3

MUL
159681

MADRAS UNIVERSITY MALAYALAM SERIES No. 9

General Editor:
DR. C. A. MENON, B. A., Ph.D. (London)
Late Reader in Malayalam,
University of Madras.

# KEDARA MAHATMYAM

BY

P. KRISHNAN NAYAR
Retd. Junior Lecturer in Malayalam.

30

UNIVERSITY OF MADRAS
1953

# കേദാരമാഹാത്മ്യം

ജനറൽ എഡിററർ:

**ഡാക്ടർ സി. എ. മേനോൻ, ബി. എ. പിഎച്ച്. ഡി., (ലണ്ടൻ)**

മലയാളം റീഡർ,

മദിരാശി സർവ്വകലാശാല,

UNIVERSITY LIBRARY
28 DEC 1953
MADRAS

മദിരാശി സർവ്വകലാശാല

1953

PRINTED AT THE
JANATHA PRESS,
MADRAS-5.

159681
36581
Q23:4194
32J3

UNIVERSITY LIBRARY
28 DEC 1953
MADRAS

# INTRODUCTORY NOTE

The poem that is now being presented to the public deals with the importance and efficacy of 'Kedara Vrata', - the observance of 'Ashtami' to propitiate God Siva and is an important contribution on the subject of Siva cult. Even Parvathi was able to secure the exclusive gift of the 'half-body' of Siva only after observing rigorously this 'Vrata' for twenty-one days.

The secret and details of the Vrata were first explained to Parvathi by the Saint Gautama. Nandikeswara taught the same to Chitrangada the Celestial Dancer who in his turn explained its efficacy to the King of Ujjain. The poem then narrates the story of the two daughters of a Vysia at Ujjain who observed this Vrata.

The work is written in Kilippattu style which was popularised by Ezuthachan, the great poet-saint of Kerala. The author Suppumman belongs to the Chittor School of poets who followed the traditions of Ezhuthachan with religious zeal. He lived at the time of Tippu's invasion of Kerala and seems to have predicted the fall of the Palghat fort built by him.

The manuscript of the work was secured by Sreeman P. Krishnan Nair (Siromani) Junior Lecturer of the Department (Retd.). He has edited the same with notes adding a lengthy introduction containing many useful information about the author and the work.

'Kedara Mahatmyam' is a valuable addition to the Kilippattu literature of Malayalam.

C. A. MENON,
General Editor.

# ആമുഖം

പാലക്കാട്ട താലൂക്ക് പൊൽപ്പുള്ളിഅംശം പൊൽപ്പുള്ളിദേശത്ത് കടിയങ്കുളത്ത് ശ്ശുപ്പുനായരാണ് കേദാരമാഹാത്മ്യം എന്ന പ്രകൃതഗ്രന്ഥത്തിൻെറ കത്താവ്. കടിയങ്കുളത്ത പുരുഷന്മാക്കുള്ള സ്ഥാനപ്പേരു് നായരെന്നല്ലാതെ മേനോനെന്നല്ല. ഇന്നും അവർ നായന്മാർതന്നെയാണ്. ദേശത്തെ പ്രമാണപ്പെട്ട നാലു വീട്ടുകളിലൊന്നായ കടിയങ്കുളത്ത ശ്ശുപ്പുനായരേയും ജ്യേഷ്ഠൻ തേഞ്ചുനായരേയും വീട്ടുകാരും നാട്ടുകാരും ശ്ശുപ്പമ്മാൻ എന്നും തേഞ്ചമ്മാൻ എന്നുമാണ് വിളിച്ചുവന്നിരുന്നതു്. അതുകൊണ്ടു് അന്യനാട്ടുകാരും അങ്ങിനെ വിളിച്ചുവന്നു. ശ്ശുപ്പമ്മാൻ എത്രയോ അകലെയുള്ള സാഹിത്യചരിത്രകാരന്മാക്കു ശ്ശുപ്പമേനോനായതിൽ ആശ്ചയ്യമെന്തുള്ളു? ഒട്ടങ്ങാട്ടെ, മണിയിലെ, തെക്കില്ലത്തെ, കടിയങ്കുളത്തെ എന്നു നാലു വീട്ടുകാരാണ് അവിടത്തെ ദേശപ്രമാണികൾ. വേല, വിളക്ക്, കൂത്ത്, കുമ്മാട്ടി മുതലായ ഏതൊരടിയന്തിരത്തിന്നും ഈ നാലു വീട്ടുകാരുടെയും സാന്നിദ്ധ്യം വേണം. ചിറ്റൂരിലെന്നപോലെ പൊൽപ്പുള്ളിയിലുമുള്ള ചമ്പത്തെ വീട്ടുകാക്ക് പ്രഭുസ്ഥാനീയതമാണുള്ളതു്. അവർ ഇതിലേയ്ക്കൊന്നും ഇറങ്ങി പ്രവത്തിക്കണമെന്നില്ല. അവിടുത്തെ ചമ്പത്തുവളപ്പും വീടും മററും ഇപ്പോൾ അന്യാധീനത്തിലാണ്. പൊൽപ്പുള്ളിയിലെ പ്രമാണപ്പെട്ട നാലു വീട്ടുകാരിൽ കടിയങ്കുളത്തെ ശ്ശുപ്പുനായരും അദ്ദേഹത്തിൻെറ ജ്യേഷ്ഠൻ തേഞ്ചുനായരുമാണ് വേലവിളക്കു മുതലായ ദേശകാര്യങ്ങളിൽ അന്ന് അധികം ശ്രദ്ധയും ഉത്സാഹവും കാണിച്ചിരുന്നതു്. ജ്യേഷ്ഠാനുജന്മാർ വീട്ടിൽ ചെറുപ്പം മുതല്ക്കേ കാരണവന്മാരായിരുന്നു. അതുകൊണ്ടു് വീട്ടിലും നാട്ടിലും അവരെ അമ്മാൻ എന്ന സ്ഥാനംകൂട്ടി വിളിച്ചുവന്നു. തേഞ്ചുനായർ ഒരു ധീരനായ കൃഷിക്കാരനായിരുന്നു. മന്ത്രവാദത്തിലും നല്ല പരിജ്ഞാനമുണ്ടായിരുന്നുവത്രേ. അദ്ദേഹം പാലക്കാട്ട രാജാവിനോടു എതിരിട്ട കൊങ്ങനായ ഒരു ശത്രുരാജാവിൻെറ പടയിൽ തന്ത്രത്തിൽ പ്രവേശിച്ചു, വൈരിയെ വധിച്ചു, തലകൊണ്ടുവന്നു കാഴ്ച വെയ്ക്കുകയാൽ സന്തുഷ്ടനായ രാജാവു കടിയങ്കുളത്ത് അന്നുണ്ടായിരുന്ന 4 പുരുഷന്മാക്കും വയസ്സു മൂത്ത ഒരു സ്ത്രീയ്ക്കുമായി 90 പറയ്ക്കു നിലം 'കുലിച്ചു'മായി പതിച്ചുകൊടുക്കുകയുണ്ടായി. ഇടക്കാലത്ത് സ്ത്രീകൾക്കിടയിൽ വയസ്സിനെ സംബന്ധിച്ചു വഴക്കു വരികയാൽ അന്നത്തെ കാരണവർ അതു് അഞ്ചാമത്തെ പുരുഷന്നായി നിശ്ചയിക്കുകയും അപ്രകാരം ഇന്നും അവർ അനുഭവിച്ചുവരികയും ചെയ്യുന്നു. 90 പറയ്ക്കു 900 പറ നെല്ലായിരുന്നു പാട്ടം. അ

തിൽ ഒന്നാമത്തെ ആൾക്ക 280 പറയും രണ്ടാമത്തെ ആൾക്ക 240 പറയും മൂന്നാമത്തെ ആൾക്ക 140 പറയും നാലാമത്തെ ആൾക്ക 120 പറയും അഞ്ചാമത്തെ ആൾക്ക 100 പറയുമായിരുന്നു അന്നത്തെ പാട്ടം. എന്നാൽ ഇന്നു പാട്ടത്തിൽ ചില വ്യത്യാസങ്ങൾ വന്നിട്ടില്ലെന്നില്ല. കടിയങ്കുളത്തെ കുടുംബം പല ശാഖകളായി ഭാഗം പിരിഞ്ഞു നല്ലേപ്പിള്ളി, പള്ളത്തേരി മുതലായ പല ദിക്കുകളിലും വെവ്വേറെ വീട്ടുപേരോടു കൂടി വീടെടുത്തു താമസിച്ചുവരുന്നുണ്ടെങ്കിലും തറവാട്ടുവീടും അതിൽ ആൾതാമസവും ഇന്നും ഉണ്ട്. 'കുലിച്ച'സ്വത്തു മുറപ്രകാരം അനുഭവിച്ചു വരികയല്ലാതെ തറവാട്ടംഗങ്ങൾക്കു ഭാഗിക്കാൻ പാടുള്ളതല്ല. ഇപ്പോൾ ഒന്നാമത്തെ കാരണവർ ഏതാണ്ട് 80 വയസ്സു പ്രായംചെന്ന നല്ലേപ്പിള്ളി ചേമ്പിലെ കുഞ്ഞികൃഷ്ണൻനായരും രണ്ടാമത്തെ ആൾ എഴുപത്തെട്ടോടടുക്കുന്ന കടിയങ്കുളത്തെ ചുപ്പയ്യൻനായരും മൂന്നാമത്തേതും നാലാമത്തേതും കുഞ്ഞികൃഷ്ണൻനായരും ശങ്കുണ്ണിനായരും അഞ്ചാമത്തേതു കറുകമണി ഗോവിന്ദൻനായരുമാകുന്നു. ഒടുവിലത്തെ ആൾക്കുതന്നെ ഷഷ്ഠിപൂർത്തി കഴിഞ്ഞിട്ടു കുറേക്കാലമായിരിക്കുന്നു.

ശൂപ്പമ്മാൻ കാവ്യനാടകാദികളിൽ നല്ല വ്യുൽപന്നനായിരുന്നതിന്നു പുറമേ ഒരു മികച്ച ജ്യോത്സ്യനുംകൂടിയായിരുന്നു. 'സദാകാലം' എന്നുംമററും പ്രയോഗിച്ചു കാണുന്നതുകൊണ്ട് വ്യാകരണാദിശാസ്ത്രങ്ങൾ നിഷ്കർഷിച്ചു പഠിച്ചിട്ടുണ്ടെന്ന കാൎയ്യത്തിൽ തീൎച്ച പറഞ്ഞുകൂടാ. ജ്യോതിഷത്തിൽ ഇദ്ദേഹത്തെ പല രാജാക്കന്മാരും സ്വീകരിച്ചാദരിച്ചിരുന്നു. ടിപ്പുസുൽത്താന്നു പാലക്കാട്ടുകോട്ടയ്ക്കു കല്ലിടുവാനുള്ള മുഹൂൎത്തം നിശ്ചയിച്ചുകൊടുത്തതു ശൂപ്പമ്മനായിരുന്നു. മുഹൂൎത്തം മാത്രമല്ല മുഹൂൎത്തസമയത്തു് ഒരു മയിലിനെ അവിടെ കാണാമെന്ന് മുഹൂൎത്തലക്ഷണംകൂടി പറഞ്ഞുകൊടുത്തിരുന്നു. എന്നാൽ, സമയത്തിന്നു സ്വല്പം മുമ്പ് ഒരു പണ്ടാരം മയിൽപ്പീലിക്കെട്ടുമായി അവിടെ എത്തിയതുകണ്ടു തെററിദ്ധരിച്ചു സുൽത്താൻ അസ്തിവാരക്കല്ലു നാട്ടാൻ ആജ്ഞകൊടുത്തു മംഗളകൎമ്മം നടന്നു. ഉടനേ ഒരു മയിൽ എവിടെനിന്നോ പറന്നുവന്നു സ്ഥലത്തിരുന്നു. ടിപ്പു ചഞ്ചലനായി. ശൂപ്പമ്മാനെ വരുത്തി ചോദിച്ചപ്പോൾ കല്ലിട്ടതു് ശരിയായ മുഹൂൎത്തത്തിലല്ലായ്കയാൽ കോട്ട അന്യാധീനപ്പെട്ടുപോകുമെന്നാണത്രേ മറുപടി കൊടുത്തതു്. 1791-ലെ ഉടമ്പടിപ്രകാരം കോട്ട ഇംഗ്ലീഷുകാൎക്ക് അടങ്ങിയതു ചരിത്രപ്രസിദ്ധമാണല്ലോ.

തിരുവിതാംകൂർ രാജാവിൽനിന്നും വെള്ളിക്കുടയും ദണ്ഡും മററും സമ്മാനമായി ലഭിച്ച കഥയും സുവിദിതമാണ്. ഒരു ചെറിയ വെള്ളിപ്പല്ലക്കുകൂടി അക്കൂട്ടത്തിൽ കിട്ടിയിരുന്നുവെന്നും അതു പിന്നീടു ഏതോ

ഒരു കാരണവർ വിററുകളഞ്ഞുവെന്നും ഇപ്പോൾ അഞ്ചാംകൂറുകാരനായ കരുകമണി ഗോവിന്ദൻനായർ എന്നോടു പറയുകയുണ്ടായി. ചുപ്പമ്മാൻ പത്മനാഭതീർത്ഥക്കരയിലെ മണ്ഡപത്തിൽ യോഗശക്തിയാൽ ഒരാൾക്കുയരത്തിൽ പൊങ്ങി ആകാശത്തിൽ വീരാസനത്തിൽ ധ്യാനനിഷ്ഠനായി സ്ഥിതിചെയ്യുന്നതു് മഹാരാജാവു് തൃക്കൺപാർക്കാൻ ഇടയാകയാൽ ധ്യാനം കഴിഞ്ഞ ഉടനെ പല്ലക്കിൽ കയററി അരമനയ്ക്കു കൊണ്ടുവരുവാൻ കല്പിച്ചതനുസരിച്ചു് രാജസേവകന്മാർ നിർബന്ധിച്ചു പല്ലക്കിൽ കയററി അരമനയ്ക്കു കൊണ്ടുചെന്നു. ശുപ്പമ്മാന്റെ ജ്യോതിഷവൈദഗ്ദ്ധ്യം മനസ്സിലാക്കി കടിയങ്കുളത്തേയ്ക്കു ദിവസംതോറും 6 നാഴി അരി കൊടുത്തുവരാൻ കല്പിക്കുകയും പോരുമ്പോൾ മേല്പറഞ്ഞ സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തുവെന്നാണു് ഐതിഹ്യം. വളരെക്കാലത്തേയ്ക്കു കടിയങ്കുളത്തുനിന്നു കൊല്ലംതോറും ചെന്നു് ആ അരി ഒന്നിച്ചുവാങ്ങുക പതിവുണ്ടായിരുന്നുവത്രേ. പിന്നീടു് ആരുംചെന്നു വാങ്ങായ്കയാൽ അതു നിന്നുപോയെന്നാണു് ഇന്നത്തെ കാരണവന്മാർ പറയുന്നതു്. ഈ സംഗതി അരമനയിലെ പഴയ കണക്കുകൾ പരിശോധിച്ചു തീർച്ചയാക്കേണ്ടതാണു്. മഴ പെയ്യിക്കാനുള്ള മനശ്ശക്തി യോഗസിദ്ധമാകാവുന്നതിനാൽ ശുപ്പമ്മാൻ ഒരു യോഗിക്കൂടി ആയിരിക്കാം. എന്നാൽ, അദ്ദേഹം വേദാന്തി ആയിരുന്നുവെന്നു ഇവിടങ്ങളിൽ ആരും പറഞ്ഞുകേട്ടിട്ടില്ല

ശുപ്പമ്മാൻ സഞ്ചാരപ്രിയനായിരുന്നു. ഇടയ്ക്കിടയ്ക്കേ വീട്ടിലുണ്ടായിരിക്കുകയുള്ളു. ഉള്ളപ്പോൾ ജ്യേഷ്ഠനൊരുമിച്ചാണു് ഉണ്ണുക. ഒരിക്കൽ വീട്ടിൽ വന്നുചേർന്ന ശുപ്പമ്മാൻ കുളിയും നിത്യകർമ്മവും കഴിഞ്ഞു് ഉണ്ണാനിരിക്കുന്ന സമയം ജ്യേഷ്ഠനെ കാണായ്കയാൽ അമ്മയോടു് അന്വേഷിക്കുകയും അവന്നു സുഖമില്ലെന്നും നിന്നോടു് ഉണ്ടുകൊള്ളാൻ പറഞ്ഞുവെന്നും അമ്മ പറയുകയുമുണ്ടായി. ഉടനെ മുറിയിൽ ചിന്താഗ്രസ്തനായിരിക്കുന്ന ജ്യേഷ്ഠന്റെ അടുത്തുചെന്നു് അസുഖകാരണം ചോദിച്ചറിഞ്ഞു. 'ഇന്നു മഴപെയ്യുമല്ലോ, എന്തിന്നു വിചാരം' എന്നും മററും പറഞ്ഞു കൂട്ടിക്കൊണ്ടുപോയി രണ്ടുപേരും ഒരുമിച്ചിരുന്നു ഊണു കഴിച്ചു. അസ്തമിക്കാൻ 4 നാഴികയുള്ളപ്പോൾ 'എന്താ ശുപ്പു ഇന്നു് മഴയ്ക്കു ലക്ഷണമൊന്നും കാണുന്നില്ലല്ലോ' എന്നു പറഞ്ഞ ജ്യേഷ്ഠനോടു്, 'മഴപെയ്യും താമസിക്കാതെ കഴായകളെല്ലാം കെട്ടിയടച്ചു വരമ്പുകൾ ഭദ്രമാക്കണം, അല്ലെങ്കിൽ പെയ്ത വെള്ളം മുഴവനും കുത്തിയൊലിച്ചു് തോട്ടിൽചെന്നു ചാടും. പിന്നെ പശ്ചാത്തപിച്ചിട്ടു കാര്യമില്ല' എന്നു ശുപ്പമ്മാൻ പറഞ്ഞു. തേഞ്ചുനായർ വേഗം ചെറുമക്കളെ വിളിച്ചു കഴായ

കൾ കെട്ടിഅടപ്പിക്കാനും തുടങ്ങി. ഇതു കണ്ടു് അടുത്ത കൃഷിക്കാരും അങ്ങനെ ചെയ്തു. ശൂപ്പാമ്മാൻ സന്ധ്യയ്ക്കു കളിച്ചീറനോടെ പെരുങ്കരുശ്ശിക്ഷേത്രത്തിലെ ശ്രീകോവിലിൻെറ നടയ്ക്കു കുറേനേരം കൂപ്പുകൈയ്യോടെ ധ്യാനനിമഗ്നനായി നിന്നു് സംസ്കൃതത്തിൽ ശിവസ്തുതിപരമായ ഒരു ശ്ലോകമുണ്ടാക്കിച്ചൊല്ലി. വീണ്ടും തൊഴുതു പ്രദക്ഷിണം തുടങ്ങി. വടക്കേ നടയ്ക്കലെത്തിയതോടുകൂടി അവിടെനിന്നു അപ്രകാരം മറെറാരു ശ്ലോകം ഉണ്ടാക്കിച്ചൊല്ലി. ശ്ലോകം അവസാനിക്കുന്നതോടൊപ്പം വടക്കുഭാഗത്തായി ഒരു മിന്നൽ മിന്നി. അവിടെനിന്നു് മുൻപോലെ നടയ്ക്കൽവന്നു തൊഴുതു ആ ശ്ലോകത്തെ ഒന്നുകൂടി ആവത്തിച്ചു് പിന്നേയും പ്രദക്ഷിണംവെച്ചു് വടക്കേ നടയ്ക്കലെത്തി വീണ്ടും ഒരു ശ്ലോകംകൂടി ചൊല്ലി. നിമ്മലമായിരുന്ന ആകാശത്തിൽ വടക്കുഭാഗത്തായി കാറിൻെറ ഛായകൾ കണ്ടുതുടങ്ങി. നടയ്ക്കലെത്തി തൊഴുതുനില്ക്കുമ്പോഴേയ്ക്കു കാറുവൽിച്ചു കറുത്തിരുണ്ടു തടിച്ചുകൂടി. മൂന്നാമത്തെ പ്രദക്ഷിണത്തിൽ വടക്കേ നടയ്ക്കൽനിന്നു നാലാമത്തെ ശ്ലോകം ചൊല്ലിക്കഴിയേണ്ട താമസമേ ഉണ്ടായുള്ളു, കാണികൾ നടുങ്ങുമാറു് ഭയങ്കരമായി മിന്നുവാനും, ക്ഷേത്രവും പരിസരങ്ങളും കുലുങ്ങുമാറു കഠോരമായി ഇടിവെട്ടുവാനും. അങ്ങിനെ നടയ്ക്കൽവന്നു തൊഴുതുനിന്നു; മഴയും പെയ്തുതുടങ്ങി മഴ കഴിയുന്നതുവരെ ശൂപ്പാമ്മാൻ ധ്യാനനിഷ്ഠനായി നിന്ന നിലയിൽത്തന്നെ നിന്നു എന്നാണു് ആ ഐതിഹ്യം. എന്തായാലും ശൂപ്പാമ്മാൻ ഒരു ഭക്തശിരോമണിയായിരുന്നുവെന്നതിൽ സംശയമില്ല. വിശേഷിച്ചു് ഒരു 'ശാക്തേയ'ക്കാരനുമായിരുന്നു. "ശാക്തേയം" എന്ന ശബ്ദം "മാഘേയം" പോലെ ചിന്ത്യമാണെങ്കിലും ഇവിടങ്ങളിൽ അങ്ങിനെയാണു പറഞ്ഞുവരാറുള്ളതു്. ശാക്തദശനത്തിലെ ആരാദ്ധ്യദേവത ഭുവനേശ്വരിയാണല്ലോ. ശ്രീവിദ്യോപാസ്തിരൂപമായ "സപര്യാപദ്ധതി"യിലെ ഷഡ്ദശനതപ്പണത്തിൽ "ഭുവനേശ്വരീ ദേവതാധിഷ്ഠിത ശാക്തദശന ശ്രീപാദുകാം പൂജയാമി തർപ്പയാമി നമഃ" എന്ന തർപ്പണവിധി നോക്കുക. ശൂപ്പാമ്മാൻ പൂജിച്ചിരുന്ന ഭുവനേശ്വരീവിഗ്രഹം ഇപ്പോഴും കടിയകുളത്തു് മഠത്തിന്നകത്തുണ്ടു്. ഭുവനേശ്വരീ പൂജയ്ക്കു്—ശക്തിപൂജയ്ക്കു്—അദ്ദേഹത്തിന്നു ദീക്ഷാപൂവ്വം ഉപദേശം നൽകിയതു് സൂര്യനാരായണനെഴുത്തച്ഛൻെറ ശിഷ്യനായ 'പേരു' എഴുത്തച്ഛനാണു്. 'പേരു' എന്ന പേരാകട്ടെ ഇവിടെയുള്ള 'എഴുത്തശ്ശൻ' എന്ന ജാതിക്കാരുടെ ഇടയിൽ അസാധാരണമല്ല. ഇദ്ദേഹത്തെയാണു് പ്രകൃതഗ്രന്ഥത്തിൽ

"കരുണാകരാജയ ശ്രീ സൂര്യനാരായണ,
ശരണം ശ്രീമൽ പേരും ധ്യാനിച്ചു വണങ്ങുന്നേൻ"

"പേരും" ധ്യാനിച്ച വണങ്ങുന്നേൻ എന്നു സ്മരിച്ചുകാണുന്നതു് പേരു എഴുത്തച്ഛന്റെ ദീക്ഷാഗുരു സൂൎയ്യനാരായണനെഴുത്തച്ഛനും അദ്ദേഹത്തിന്റെ ഗുരു കരുണാകരനെഴുത്തച്ഛനുമാണെന്നു പ്രസ്തുത പംക്തിയിൽ നിന്നു തെളിയുന്നു. സാക്ഷാൽഗുരു, പരമഗുരു, പരമേഷ്ഠിഗുരു എന്നീ ഗുരുത്രയത്തെയാണു് ശാക്തന്മാരികളായ ഉപാസനക്കാർ സ്മരിക്കുക. ഗുരുപാദുകാമന്ത്രക്രമവും ഇതുതന്നെയാണല്ലോ. വിശേഷിച്ചു്

"വന്ദേഹം ഗുരുസമ്പ്രദായമനിശം തുഞ്ചത്തെഴും ശ്രീഗുരും,
വന്ദേഹം കരുണാകാരം ച പരമം ശ്രീസൂൎയ്യനാരായണം
വന്ദേദേവഗുരും പരാപരഗുരും ഗോപാലശ്രീമൽഗുരും
വന്ദേനിത്യമനന്തപൂൎണ്ണമമലം വന്ദേ സമസ്താൻ ഗുരൂൻ"

എന്നു എഴുവത്തു ഗോപാലസ്വാമിയുടെ ശിഷ്യന്റെ ഗുരുപരമ്പരാധ്യാനസമ്പ്രദായവും ഈ അവസരത്തിൽ ശ്രദ്ധേയമാണു്. ഗോപാലസ്വാമി വ്യുൽപന്നനായിരുന്നില്ലെങ്കിലും ഗുരുമഠം പൂജക്കാരനും 'ശാക്തേയ'ക്കാരനുമായ ഒരു പരമഭക്തനായിരുന്നു. അല്ലാതെ വേദാന്തിയോ മറ്റോ ആയിരുന്നില്ല. ശൂപ്പമ്മാൻ ഉപാസനാഗുരുവായ പേരു എഴുത്തച്ഛനെ തന്റെ മററു കൃതികളിലും സ്മരിക്കാതിരുന്നിട്ടില്ല.

"സൂൎയ്യനാരായണാചാൎയ്യാന്തേവാസീന്ദ്രന്മാരിൽ
പേരായിരത്തിലേററം പേരിയന്നീടും ശ്രീമൽ-
പേരുവെന്നുലകിങ്കൽ പേരിയന്നരുളീടും
സച്ചിദാനന്ദാത്മകനദ്വയനനാമയൻ
നിശ്ചലൻ-നിരാമയനെന്നുടെ ഗുരുനാഥൻ
ശ്രീരാമാദികളായ മുഖ്യശിഷ്യന്മാരോടും
സ്വൈരമെന്നകക്കാമ്പിൽ വാണീടവേണം സദാ"

എന്നു 'തേനാരിമാഹാത്മ്യ'ത്തിലും

പേരായിരത്തിലേററം പേരാളും തിരുനാമം
പേരായ ധീരോദാത്തൻ സൎവ്വദാ ജയിക്കേണം

എന്നു കാവേരിമാഹാത്മ്യത്തിലും അനുസ്മരിച്ചിരിക്കുന്നതു നോക്കുക. കാവേരിമാഹാത്മ്യത്തിൽ സംസ്കൃതനായ ആ ധീരോദാത്തൻ പേരു എഴുത്തച്ഛനാണെന്നതിലേയ്ക്കു വിശേഷണവൈശിഷ്ട്യംതന്നെ നല്ല തെളിവാണല്ലോ 'തേനാരിമാഹാത്മ്യ'ത്തിൽ നിർദ്ദേശിച്ചിരിക്കുന്ന "പേരായിരം......എന്നു തുടങ്ങുന്ന വിശേഷണം നോക്കുക. അത്രയുമല്ല ചില താളിയോലഗ്രന്ഥങ്ങളിലെ പാഠം പേരുവാം ധീരോദാത്തൻ എന്നാണുതാനും.

കടിയങ്കുളത്തുകാർ ശ്രുപ്പമ്മാൻെറതാണെന്നു വിശ്വസിച്ചുവരുന്നതും കൊല്ലത്തിലൊരിക്കൽ വാവുപൂജയ്ക്കുമാത്രം കെട്ടഴിച്ചുപയോഗിക്കുന്നതുമായ പൂജാപദ്ധതിഗ്രന്ഥം മുഴുവനും വായിച്ചുനോക്കുവാനുള്ള ഭാഗ്യം ഭുവനേശ്വരിയുടെ കാരുണ്യത്താൽ ഈയുള്ളവന്നു ലഭിക്കുകയുണ്ടായി. അതിൽ പൂജയ്ക്കുള്ള മൂലമന്ത്രം ബാലയാണ്.

"ആദൌ വാഗ്ഭവ മൈമിതീന്ദുരുചിരം
  മദ്ധ്യേതു കാമാത്മകം
ക്ലീം നീലന്തരുണഞ്ചസൌസ്സുഖമയം
  ബീജത്രയം ധ്യായതാ
സാദ്ധം മാതൃകയാ വിലോമ വിഷയം
  സന്ധായ ബന്ധസ്ഥിദാ
വാചാന്തഃ സ്ഥിതയാ മഹേശ്വരിമയാ
  മാത്രാശതം ജപ്യതേ"

എന്നിങ്ങനെ 'സിദ്ധസാരസ്വത'സ്തോത്രത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ബാലാപരമേശ്വരീമന്ത്രമാണ്; ത്ര്യക്ഷരീബാലയോ നവാക്ഷരീബാലയോ അല്ല. ഇവിടങ്ങളിൽ പല സ്ഥലത്തും പ്രത്യേകിച്ച് എഴുത്തച്ഛൻെറ, അഥവാ, സൂര്യനാരായണനെഴുത്തച്ഛൻെറ പരമ്പരയിലും ഈ സമ്പ്രദായംതന്നെയാണ് നടപ്പ്. സൂര്യനാരായണനെഴുത്തച്ഛൻെറ കുടുംബക്കാരാണെന്നു പറഞ്ഞുവരുന്ന ചോഴിയത്തേക്കുള്ള ഉപദേശവും പ്രണവപൂർവ്വമായ ഷഡക്ഷരീബാലതന്നെയാണ്. അവിടത്തെ പൂജാഗ്രന്ഥവും ഞാനും C. A Menon (B. A. P. H. D.) നുംകൂടി ചെന്നു പരിശോധിക്കുകയുണ്ടായിട്ടുണ്ട്. ഇന്നും അവർ 'ശാക്തേയം' നടത്തിവരുന്നുണ്ട്. ഇന്നുള്ള എഴുത്തച്ഛൻെറ കാരണവനും പരേതനുമായ ചോഴിയത്തെഴുത്തച്ഛൻ സാധാരണകൃത്യങ്ങൾ പലതും കാണിച്ചു പ്രസിദ്ധി നേടിയ ഒരു മഹാൻതന്നെയായിരുന്നു. ഒരു കുന്നിൻചെരുവിലുള്ള ചോഴിയത്തു വളപ്പിൽ വെറും പാറയിൽ വെട്ടിയുണ്ടാക്കിയിരിക്കുന്ന കുളം കാണികളെ വിസ്മയസ്തബ്ധരാക്കുന്ന ഒന്നുതന്നെയാണ്. പാറ മാത്രമല്ലാതെ അതിലെ ഒരു ഭാഗത്തും മണ്ണു കാണുന്നില്ല. അതിൽനിന്നു നിർമ്മലജലം താഴെയുള്ള വയലുകളിലേയ്ക്കു ഒരു ചാലിൽക്കൂടി എപ്പോഴും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ ചോഴിയത്തു ചെന്നതു മേടമാസത്തിലെ അററ വേനല്ക്കാണ്. അപ്പോഴും ചാലിൽക്കൂടി വെള്ളമൊഴുകുന്നുണ്ടായിരുന്നു. ഈ കുളം ഒരു രാത്രി ഭൂതങ്ങളെക്കൊണ്ടു് സൂര്യനാരായണനെഴുത്തച്ഛൻ കുഴിപ്പിച്ചതാണെന്നും പേരു എഴുത്തച്ഛൻ കുഴിപ്പിച്ചതാണെന്നും രണ്ടുപ്രകാരത്തിൽ ഐതിഹ്യമുണ്ട്. ആർ ആരെക്കൊണ്ടു കുഴിപ്പിച്ചതായാലും

പേരു എഴുത്തച്ഛന്നു സൂൎയ്യനാരായണനെഴുത്തച്ഛന്റെ ശിഷ്യത്വം മാത്രമല്ലാ കുടുംബാംഗത്വംകൂടിയുണ്ടായിരിക്കയില്ലേ എന്നു സംശയിക്കാൻ ഈ ഐതിഹ്യഭേദം അവകാശമരുളുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ചോഴിയത്തെ പൂജാഗ്രന്ഥത്തിന്നും കുടിയങ്കുളത്തെ പൂജാഗ്രന്ഥത്തിന്നും തമ്മിൽ വിശേഷിച്ചു വ്യത്യാസമൊന്നുമില്ല. കുടിയങ്കുളത്തെ ഗ്രന്ഥത്തിൽ അക്ഷരപ്പിഴകൾ കുറേ ധാരാളം കാണുന്നുണ്ടെന്നുള്ള വിശേഷം മാത്രമേ വേണമെങ്കിൽ പറയാനുള്ളു. കുടിയങ്കുളത്തെ ഗ്രന്ഥം ഏഴുത്തച്ഛന്റെ കയ്യക്ഷരത്തിലുള്ളതാണെന്നുള്ള അവരുടെ വിശ്വാസം ശരിയാവാൻ തരമില്ലെന്നേ അതുകൊണ്ടു നമുക്കു വിചാരിക്കേണ്ടതുള്ളൂ. സൂൎയ്യനാരായണപദ്ധതിക്കാരുടെ, അഥവാ, ഞാനറിയുന്നേടത്തോളം ഇവിടങ്ങളിലുള്ള 'ശാക്തേയ'ക്കാരുടെയെല്ലാം പൂജയ്ക്കുള്ള 'മൂലം' ബാലയാണ്. പൂജപീഠത്തിൽ രക്തചന്ദനംകൊണ്ടു് ഷൾകോണം വരച്ച് അതിലാണ് പൂജിക്കുന്നതു്. ചില പൂജാഗൃഹങ്ങളിൽ ചെമ്പുതകിടിലും കൃഷ്ണശിലയിലും മററും ഭൂപ്രസ്താരത്തിലും മേരുപ്രസ്താരത്തിലുമുള്ള ശ്രീചക്രങ്ങൾ വെച്ചുകാണുന്നുണ്ടെങ്കിലും അവയിൽ പൂജയില്ല. അവയ്ക്കു സാക്ഷിഭാവം മാത്രം. സൂൎയ്യനാരായണാദി പരമ്പരാഗതമായ ഈ സമ്പ്രദായം—ബാലയെക്കൊണ്ടുള്ള 'ശാക്തേയം'—കേരളത്തിലെ മററു പ്രദേശങ്ങളിലും നടപ്പുണ്ടോ എന്നു നിശ്ചയമില്ല. ഈ സംഗതിയെപ്പററി ഇതിലധികം ഇവിടെ വിസ്തരിക്കുന്നില്ല. പേരു എഴുത്തച്ഛൻ ഏഴുത്തച്ഛന്റെ താന്ത്രികഗുരുവാണ്, അദ്ധ്യാത്മഗുരുവല്ല.

"സച്ചിദാനന്ദാത്മക നദ്വയനനാമയൻ
നിശ്ചലൻ നിരാകല—"

എന്ന ഗുരുവിശേഷണം താന്ത്രികസമ്പ്രദായാനുഗുണമാകുന്നു. ഗുരുവിന്നും ദേവതയ്ക്കും ഐക്യഭാവനം

"മനസാ വാചാ തനുവാ ഗുരുസേവയാതീൎണ്ണ
ജനി സാഗരൻ ............................"

എന്നു കവിതന്നെ വിശേഷിപ്പിച്ചിരിക്കുന്നതിനാൽ അദ്ദേഹം ഒരു വേദാന്തിയായിരുന്നു എന്നുകൂടി ഊഹിക്കാം" എന്നു ചിലർ പറഞ്ഞിരിക്കുന്നതു് എങ്ങിനെയാണെന്നു മനസ്സിലാകുന്നില്ല.

പേരു എഴുത്തച്ഛനെക്കൂടാതെ,

"ഗോവൃന്ദാരകന്മാരും രാഘവാചാൎയ്യേന്ദ്രനും
ഗോവിന്ദാചാൎയ്യൻ താനും തുണപ്പാൻ വന്ദിക്കുന്നേൻ"

(കാവേരിമാഹാത്മ്യം)

"രാഘവനായ ഗുരുനാഥൻെറ കൃപാബലം
ലാഘവമെന്നിയെ സമ്പൂൎണ്ണമായുണ്ടാകേണം
ഗോവിന്ദാചാൎയ്യ പാദാംഭോരുഹ രജസ്സുക-
ളാവോളം മമ മനോമുകുരം വിളക്കേണം"

(തേനാരിമാഹാത്മ്യം)

എന്നിങ്ങിനെ ഒരു രാഘവാചാൎയ്യനേയും ഒരു ഗോവിന്ദാചാൎയ്യനേയും സ്മരിക്കുന്നുണ്ടു്. അതിൽ രാഘവാചാൎയ്യൻ ജ്യോതിഷവൈദുഷ്യവും സംസ്കൃതപാണ്ഡിത്യവും കവിതാവുംകൊണ്ടു് പ്രസിദ്ധനായ കല്ലായ്ക്കുളങ്ങരെ രാഘവപ്പിഷാരടിയാണു്. പിഷാരടി തൻെറ പിഷാരത്തിനടുക്കെയുള്ള ഏമൂരിക്കുളത്തിൽ പുതിയതായി പടവുകെട്ടിയതു കാണാൻ ശിഷ്യനായ ശൂപ്പാണ്മാനേയുംകൂട്ടി പുറപ്പെട്ടു പടിയിറങ്ങുമ്പോൾ അന്നത്തെ സൂൎയ്യസ്ഫുടം ഗണിക്കാൻ പറയുകയും കുളത്തിന്നടുത്തു ചെന്നപ്പോൾ, താൻ ഗണിച്ച സൂൎയ്യസ്ഫുടത്തെ ആധാരമാക്കി 'കണ്ടുവോ കുളം' എന്നു ചോദിച്ചതിന്നു തനിക്കു കിട്ടിയ അതേ സ്ഫുടത്തെ മറെറാരു പരൽപേരിൽ "പടവുകൊള്ളാം" എന്നു മറുപടി പറയുകയും ഉണ്ടായ കഥയും മററും സുപ്രസിദ്ധമാണല്ലോ.

ഗോവിന്ദാചാൎയ്യനെപ്പററി വിശേഷിച്ചൊന്നുമറിയുന്നില്ല. ഇദ്ദേഹം എഴുത്തും വായനയും പഠിപ്പിച്ച ആദ്യത്തെ ഗുരുവായിരിക്കാമെന്നു തോന്നുന്നു.

ശൂപ്പാണ്മാൻെറ ജനനം 940-ാമാണ്ടിനോടടുത്താണെന്നു ശ്രീ ഗോവിന്ദപ്പിള്ള അവർകൾ പറഞ്ഞിട്ടുള്ളതു ശരിയായിരിക്കണം. മുഹൂൎത്തം തെററുകയാൽ കോട്ട അന്യാധീനപ്പെട്ടുപോകുമെന്നു ടിപ്പുസുൽത്താനോടു കൂസൽകൂടാതെ പറഞ്ഞ നമ്മുടെ കവിക്കു "ബാല ജ്യോതിഷം വൃദ്ധവൈദ്യം" എന്ന പഴമൊഴിയനുസരിച്ചു അന്നു ചെറുപ്പമാണെന്നു്—അതായതു്, 25 വയസ്സു പ്രായമാണെന്നു്—നിശ്ചയിക്കുന്നതിൽ അപാകമൊന്നുമില്ലല്ലോ. പാലക്കാട്ടു കോട്ട കെട്ടിയതു 965-ലാണെന്നാണറിയുന്നതു്. 'കാവേരിമാഹാത്മ്യ'ത്തിൽ അതിൻെറ നിൎമ്മാണകാലത്തെക്കുറിച്ചു്—

"മുനിവേദാദിസേവ്യൻ കലിയാമിക്കാലത്തിൽ—"

എന്നിങ്ങിനെ പരൽപ്പേരിൽ കാണിച്ചിരിക്കുന്ന 1788405 എന്ന കലിദിനസംഖ്യയും അതിലേക്കു അനുഗുണംതന്നെ.

ശൂപ്പാണ്മാൻെറ പിതാവു ശിവഭക്തനായ, ചമ്പത്തിലെ ഒരു മന്നാടിയാരാണെന്നുമാത്രം; തേനാരിമാഹാത്മ്യത്തിലെ,

"സമ്പദാലയഭൃതൻ ശംഭുസേവകന്മാരിൽ
മുമ്പനാമെൻ പിതാവഃമ്പാടനുഗ്രഹിക്കണം"

എന്നീ വരികളിൽനിന്നു മനസ്സിലാകുന്നുണ്ടു്. എന്നാൽ അതു ഏതു ചമ്പത്തെയാണെന്നോ അദ്ദേഹത്തിൻെറ പേരെന്തെന്നോ മേലിൽ ഗവേഷണീയമായിട്ടാണിരിക്കുന്നതു്.

കേദാരമാഹാത്മ്യം, ആദ്യമായി 1874-ൽ (72 കൊല്ലങ്ങൾക്കു മുമ്പു) കോഴിക്കോട്ടു വിദ്യാവിലാസത്തിൽ അച്ചടിക്കയുണ്ടായിട്ടുണ്ടെങ്കിലും അതിൻെറ ഒരു പ്രതിപോലും ഇന്നു ലഭ്യമല്ലാതെയാണിരിക്കുന്നതു്. ഈ സ്ഥിതിക്കു്, മദിരാശി ചിന്താദ്രിപ്പേട്ട ഹൈസ്കൂളിലെ സംസ്കൃത പണ്ഡിതനും ജ്യൗതിഷികനും 'സാഹിത്യശിരോമണി'യുമായ പൊന്നൂപ്പുള്ളി മാരാത്തെ ഗംഗാധരൻനായരോടുള്ള ഞങ്ങൾക്കുള്ള കടപ്പാടു പറഞ്ഞുതീക്കത്തക്കതല്ലെന്നു പ്രത്യേകിച്ചു പറയേണ്ടിയിരിക്കുന്നു. തൻെറ മാതാവു പാരായണം ചെയ്തിരുന്ന ശുദ്ധമായ താളിയോലഗ്രന്ഥം തന്നു് ഞങ്ങളെ ഇതിലേക്കു പ്രേരിപ്പിച്ചതും കഴിയുന്നവിധം സഹായിച്ചതും ആ മഹാമനസ്കനാണെന്നു മാത്രമേ തല്ക്കാലം പറയുന്നുള്ളൂ.

ശ്രീനിലയം—ചിററൂർ. 30—1—'51.

സാഹിത്യരത്നം, പി. കൃഷ്ണൻനായർ
വ്യാകരണസാഹിത്യശിരോമണി,

UNIVERSITY LIBRARY
28 DEC 1953
MADRAS

# കേദാരമാഹാത്മ്യം

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു

ശ്രീമഹാഗണേശനും ശ്രീമതി സരസ്വതീ
ശ്രീമണാളനും വ്യാസൻ ശ്രീഗുരുഭൂതന്മാരും
ശ്രീമയമാസ്സിളങ്ങും ശ്രീമഹാപുരംവാഴും
ശ്രീമഹാദേവൻ ശ്രീപാർവ്വതിയും തുണയ്ക്കേണം
കരുണാശീലന്മാരാം ബ്രാഹ്മണരുടെപാദ-
സ്മരണമനസ്സിങ്കൽ സതതം ഭവിക്കേണം.
കരുണാകര ജയ, ശ്രീസൂര്യനാരായണ
ശരണം ശ്രീമൽപേരുധ്യാനിച്ചുവണങ്ങുന്നേൻ
അനിത്യമായദേഹം ഞാനെന്നഭാവംകൊണ്ടു
[1]കനത്തകർമ്മംചെയ്തു സംസാരചക്രത്തിങ്കൽ
അനൎത്ഥപ്പെട്ടു ചുഴന്നുഴന്നുവലയുന്ന
ജനത്തിൻനിവൃത്തിക്കു മഹത്താമുപദേശം
[2]ഗുരുത്വംപൂണ്ടുനല്കി പെരുത്തകൃപാബലാ
ലുരത്തമായാമോഹം നിരസ്തമാക്കിദ്രുതം

1 കനത്തകർമ്മം=ഭാരമുള്ള കർമ്മം—ക്ലേശജനകമായ പാപകർമ്മം.
2 ഗുരുത്വംപൂണ്ടു=ഗുരുഭാവം സ്വീകരിച്ചു, ഗുരുവിന്റെ രൂപത്തിൽവന്നു. ഗുരുവെന്നതു കാരുണ്യവശാൽമനുഷ്യരൂപം കൈക്കൊണ്ടിരിക്കുന്ന ഈശ്വരൻതന്നെയാണെന്നാകുന്നു ശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നതു്.

"നമസ്തേനാഥ ഭഗവാൻ ശിവായഗുരുരൂപിണെ
വിദ്യാവതാരസംസിദ്ധ്യൈ സ്വീകൃതാനേകവിഗ്രഹ."

"അത്രിനേത്രശ്ശിവസ്സാക്ഷാൽദ്വിബാഹുശ്ചഹരിഃസ്മൃതഃ
യോചതുർവ്വദനോ ബ്രഹ്മാ ശ്രീഗുരുഃ കഥിതഃ പ്രിയേ"

ഇത്യാദി ഗുരുഗീതസൂക്തികളും "ഗുരുരേവ ഹരിസ്സാക്ഷാന്നാന്യ ഇത്യബ്രവീച്ശ്രുതിഃ" ഇത്യാദി ബ്രഹ്മവിദ്യോപനിഷത്തും മററും നോക്കുക.

[1]പരത്തോടേകഭാവം വരുത്തീടുന്നദേവൻ
ചരിത്രം കേദാരമാഹാത്മ്യത്തെ ചൊല്ലീടുവാൻ
ചന്ദ്രികാശുഭ്രവാഗീശ്വരിയെന്നുടെനാവിൽ
സാന്ദ്രസമ്മദം കളിച്ചീടേണം വിശേഷിച്ചു.
വന്ദ്യന്മാരേയുമേവംവന്ദിച്ചു ഭക്തിയോടെ
മന്ദം പൈങ്കിളിപ്പൈതൽ പറഞ്ഞുതുടങ്ങിനാൾ.
ശ്രീമഹാദേവൻതൻെറ ദേഹാർദ്ധംലഭിപ്പാനായ്
ശ്രീമഹാദേവിയനുഷ്ഠിച്ചൊരുവ്രതത്തിൻെറ
സീമയില്ലാതെയുള്ള മാഹാത്മ്യംചൊല്ലീടുവാൻ
ശ്രീമഹേശനുപോലും പണിയെന്നിരിക്കിലും
ചൊല്ലെന്നു ചൊല്ലെഴും മാതാവുചൊല്ലുകയാലെ
ചൊല്ലുവാൻ തുടങ്ങുന്നേൻ അജ്ഞനായുള്ളൊരുഞാൻ
നല്ലതുമാകാത്തതുമറിഞ്ഞമഹാജനം
നല്ലവണ്ണമേവരികെന്നനുഗ്രഹിക്കേണം.

ഉണ്ടല്ലോ കൈലാസമെന്നാഖ്യയാവസുന്ധരാ
മണ്ഡലേ പൂർവ്വോത്തരഭാഗത്തുമഹാശൈലം
തെളിവേറുന്ന വെള്ളിരൂപമായുള്ളവെള്ള
ത്തൊളിവേറീടും നവരത്നങ്ങൾ നിറഞ്ഞെങ്ങും
തുംഗങ്ങളായംബരമുരുമ്മിവിളങ്ങുന്ന
ശൃംഗങ്ങൾതോറുമുള്ള മംഗലാരണ്യങ്ങളിൽ
മന്ദാരങ്ങളുമശോകങ്ങൾ ചെമ്പകങ്ങളും
ചന്ദനബകുളഹിന്താളപുന്നാഗങ്ങളും

---

1 പരത്തോടേകഭാവം=പരമാത്മാവോടുള്ള ഐക്യജ്ഞാനം 'പ്രജ്ഞാനംബ്രഹ്മ' 'തത്ത്വമസി' 'അയമാത്മാബ്രഹ്മ' 'അഹംബ്രഹ്മാസ്മി' ഇത്യാദി മഹാവാക്യജ്ഞാനം.

തിലകങ്ങളും തമാലങ്ങളും താലങ്ങളും
ഫലനമ്രാമ്രകേരപനസപൂഗങ്ങളും
ഇത്യാദിമററുംച്ഛായാകുസുമഫലാദിയാ-
ലത്യന്താനന്ദാകരമായപാദപങ്ങളും
[1]ജാത്യാദിവല്ലികളുമോഷധിവൃന്ദങ്ങളും
[2]ജാത്യാവിദ്വേഷം വെടിഞ്ഞൊന്നിച്ചുകളിച്ചീടും
കേസരിശാർദ്ദൂലസൂകരഭല്ലൂകവൃക-
കാസരശല്യമൃഗാദ്യഖിലമൃഗങ്ങളും
കോകിലശുകകേകിചടകചകോരക
കോകചാതകമുഖപക്ഷിസഞ്ചയങ്ങളും
കണ്ടുപൂമണം തെണ്ടിയുണ്ടുണ്ടുകൊണ്ടാടിക്കൊ
ണ്ടിണ്ടൽതീണ്ടാതെ മൂണ്ടുമണ്ടുന്നവണ്ടിണ്ടയും
അമലജല[3]വാപീ[4]സരസീനദീ[5]കുല്യാ
[6]കമലാകര[7]കൂപ[8]പല്വലങ്ങളെക്കൊണ്ടും
വിമലകുലശീലമുനിമണ്ഡലംവാഴും
[9]ശമലവിഹീനമാമാശ്രമങ്ങളെക്കൊണ്ടും
കണ്ടാലെത്രയും മനോമോഹനമെല്ലാവക്കും
കണ്ടോളം കണ്ണിനാ[10]സേചനകംമഹാശൈലം

---

1 ജാത്യാദീ=പിച്ചി മുതലായ
2 ജാത്യം=ജാതിയാലുള്ള
3 വാപീ=ദീർഘിക—ഏരി
4 സരസീ=വലിയ സരസ്സ്— കുളം
5 കുല്യം=തോടു
6 കമലാകരം=താമരപ്പൊയ്ക
7 കൂപം=കിണറു
8 പല്വലം=ആഴമില്ലാത്ത കുളം
9 ശമലം=മലം
10 ആസേചനകം=കണ്ടാൽ തൃപ്തിവരാത്തതു

അമ്മഹാമലയുടെ നടുവിലുയൎന്നെഴും
നിൎമ്മലാകാരമായശിഖരേരമ്യസ്ഥലേ
ആദിത്യചന്ദ്രാനലന്മാരിലുമേററംപ്രകാ-
ശാധിക്യംചേരും രത്നമമൂൎത്തിയെല്ലാടത്തും
ലക്ഷണംവരുംവണ്ണം ദക്ഷിണാമുഖമായ
ശിക്ഷയേറീടുന്ന പൊന്മയമന്ദിരമദ്ധ്യേ
[1]രത്നപല്യങ്കന്തന്നിൽ ശ്രീമഹാദേവൻ വധൂ-
രത്നമാം ദേവിയോടുംചേൎന്നു സമ്പൂൎണ്ണാനന്ദം
സൽക്കഥാരസന്തന്നിൽമുഴുകുംമനസ്സോടും
നിഷ്കളനീശനിരുന്നരുളീടുന്നനേരം
നന്ദനന്മാരാം വിനായകനും കുമാരനും
നന്ദിയും വന്ദിച്ചുനിന്നീടുന്നുതിരുമുമ്പിൽ
ഇന്ദിരാനാഥനരവിന്ദമന്ദിരൻതാനു
മിന്ദ്രാദിവൃന്ദാരകവൃന്ദവും ദിക്പാലരും
യക്ഷഗന്ധൎവ്വവിദ്യാധരകിന്നരന്മാരും
രക്ഷോദാനവഭൂതഗുഹ്യകസാദ്ധ്യന്മാരും
സിദ്ധയോഗീന്ദ്രന്മാരും മാമുനിശ്രേഷ്ഠന്മാരും
ശുദ്ധമാനസന്മാരാം ബ്രഹ്മൎഷിപ്രവരരും
അശ്വികൾമരുത്തുകൾ വസുക്കൾ പിതൃക്കളും
വിശ്വദേവോരഗാദിത്യന്മാരും [2]മാതൃക്കളും

---

1 രത്നപല്യങ്ക=രത്നക്കട്ടിൽ

2 മാതൃക്കൾ=സപ്തമാതാക്കൾ—ബ്രാഹ്മി, മാഹേശ്വരി, കൌമാരി, വൈഷ്ണവി, ഇന്ദ്രാണി, വാരാഹി, ചാമുണ്ഡാ—എന്നീ ഏഴുപേർ. ചിലർ ലക്ഷ്മിയടക്കം അഷ്ടമാതാക്കളേയും പറയുന്നുണ്ട്.

സനകസനന്ദതുംബുരുനാരദന്മാരും
ഗണനായകന്മാരും [1]രുദ്രരും ഗണങ്ങളും
ഉർവ്വശീരംഭാദിയാമപ്സരസ്ത്രീകൾ മററും
സർവ്വാമാത്യരുംവന്നു വന്ദിച്ചുനില്ക്കുംവിധൌ,
പരമാനന്ദമൂർത്തി പരമൻ പരാപരൻ
പരമേശ്വരൻ പമബ്രഹ്മൻതന്നനുജ്ഞയാ
നാരദാദികൾ ഗാനംചെയ്തിതു; രംഭാദിയാം
നാരീമാരാടീടിനാർമേളതാളങ്ങളോടും.
സുന്ദരീരംഭതൻെറ നാട്യവൈശിഷ്ട്യംകണ്ടു
കന്ദർപ്പാരിയുമുള്ളിൽ കൌതുകംപൂണ്ടീടിനാൻ.
അഖണ്ഡാനന്ദാമൃതം നുകർന്നുമുനീന്ദ്രരും
മകിഴ്ന്നുമനോഭാവം പകർന്നുചിത്രം ചിത്രം!!
ഗണനായകനാം ഭൃംഗീരടിയുംതദന്തരേ
ഗണികാഗണമണിമകുടമാടുന്നതിൻ
നികടെ[2]യുടലെട്ടുമുടവാംവടിവൊടും
[3]വികടമായനാട്യമുടനെതുടങ്ങിനാൻ.
വികൃതമായകരനേത്രഭാവങ്ങളോടും
പ്രകൃതംനൃത്തംകണ്ടു ശങ്കരൻ ചന്ദ്രചൂഡൻ
ജീവനായികയോടും ചിരിച്ചുകുതൂഹലാൽ.
ഏവരുമത്യുച്ചത്തിൽ ചിരിച്ചാരതുനേരം

---

1 രുദ്രൻ=ഋഷിതാദികളായ ഏകാദശരുദ്രന്മാർ
2 ഉടലെട്ടുമുടവാം=ഉടലിൽ എട്ടുദിക്കിൽ മുടവുണ്ടാകുമാറുള്ള
3 വികടമായനാട്യം=ഉദ്ധതമായ നാട്യം—താണ്ഡവം

ആശകളാകാശവും ഹാസകോലാഹലംകൊ-
ണ്ടാശ്ശുപൂരിച്ചോരനന്തരമ്മഹേശ്വരൻ:
ഗണനായകൻതന്നോടരുളിച്ചെയ്തീടിനാൻ
[1]"ഗണനാതീതംനിന്റെ നടനരസമെടോ
ഹാസ്യകാരണമായ[2]ലാസ്യവും [3]വിശിഷ്ടഭാ-
വാസ്യവുമാരാലേവംശാസ്യമാനോയംഭവാൻ"
സരസമെന്നീവണ്ണമരുളിച്ചെയ്തുദേവൻ
ശിരസിസ്പർശംചെയ്തനല്കിനാനനുഗ്രഹം.
അംബികാതന്നെയൊഴിച്ചംബുജശരാരിയാ-
മമ്മഹേശനെ മന്ദമന്ദമാസ്ഥലംവെച്ചു
വണങ്ങി വണങ്ങിക്കൊണ്ടാടിയാടിനാനപ്പോ-
ളിണങ്ങും കളികണ്ടു തെളിഞ്ഞാരെല്ലാവരും.
കുണങ്ങീനാണംകൊണ്ടു വണങ്ങിമഹേശ്വരി
ഞെണുങ്ങിമൃത്യുഞ്ജയൻ തന്നോടു ചോദ്യംചെയ്താൾ:—

"എന്തിവനെന്നെയൊഴിച്ചു[4]ന്തരാവലംവെച്ചു
നിന്തിരുവടിതന്നെസ്സേവിപ്പാനവകാശം
അന്തകാന്തക, മദനാന്തക, പുരാന്തക!
ബന്ധമെന്തതിനെന്നതരുളിച്ചെയ്തീടേണം"

---

1 ഗണനാതീതം=മനോവ്യാപാരത്തിന്നുപോലുമെത്താത്തതു
2 ലാസ്യം=താണ്ഡവവിശേഷമെന്നു താൽപര്യം
3 വിശിഷ്ടഭാവാസ്യം=വിശിഷ്ടമായ ഭാവങ്ങളോടുകൂടിയ മുഖംകൊണ്ടുള്ള അഭിനയം. 'ആസ്യ'ത്തിന്നു ആസ്യക്രിയ എന്നർത്ഥം. ആസ്യാഭിനയം എന്നതുകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു കണ്ണു, പുരികം, മൂക്കു ചുണ്ടു കവിൾത്തടം താടി എന്നീ ഉപാംഗങ്ങളെക്കൊണ്ടുള്ള അഭിനയമാകുന്നു!.
4 അന്തരം=ഇടയിൽക്കൂടി

ഗിരിജാദേവിയേവം ചോദിച്ചോരനന്തരം
ഗിരിശന്മന്ദസ്മിതംപൂണ്ടരുൾചെയ്തീടിനാൻ:—

"കേൾക്കനീമമപ്രാണവല്ലഭേ, പരമാത്ഥ-
മോക്ഷമ്പോൾ [1]ശിവശക്ത്യാത്മകമായുള്ളതെല്ലാം
മിത്ഥ്യയെന്നറച്ചാത്മജ്ഞാനികൾ യോഗീന്ദ്രന്മാർ
നിത്യമാംശിവദ്ധ്യാനമൊന്നിലേ രമിച്ചീടും
ശക്തിയാലവക്കെന്തുസാദ്ധ്യ"മെന്നപ്പോൾപ്പരാ-
ശക്തിയാമ്മഹാമായ പാവ്വതീമഹേശ്വരീ
നിറഞ്ഞനാണംകൊണ്ടുകുറഞ്ഞൊന്നകതാരി-
ലുറഞ്ഞകോപംപൂണ്ടു മറിഞ്ഞുഭാവംപിന്നെ.
ശക്തനായീടുന്ന ഭൃംഗീരിടിതന്റെ ദേഹ-
ശക്തിയൊക്കെവെ[2]തങ്കലാദാനം ചെയ്തീടിനാൾ.
രക്തമാംസാദികളുമൊക്കവെ വരണ്ടുപോയ്
[3]രിക്തസാരേണവികൃതാംഗനായെന്നാകിലും
ഭക്തവത്സലനായ ഭഗവാൻ പ്രസാദത്താൽ
ഭക്തനാമവന്നുസങ്കടമുണ്ടായീലേതും.
[4]ഉദ്യോഗാരോഗ്യങ്ങളും പണ്ടേതിലിരട്ടിച്ചു
സദ്യോദേവിയുമേററം കോപിച്ചാളതുമൂലം
ശങ്കരൻ സാന്ത്വനംചെയ്തീടിനാനാവോളവും

---

1 ശിവശക്തി=ശിവന്റെ ശക്തി—മായ

2 ആദാനംചെയ്ത=ആകഷിച്ചെടുക്കുക

3 രിക്തസാരേണ=പോയ്പ്പോയസാരത്താൽ; സാരമില്ലായ്കയാൽ എന്നു താൽപയ്യം. സാരം=ശക്തി

4 ഉദ്യോഗം=ഉത്സാഹം

ശങ്കരീയനുവദീയാതെഴുന്നെള്ളീടിനാൽ.
തപസാമഹാദേവദേഹാൎദ്ധംലഭിപ്പാനായ്
[1]തപസാംനിധിയായ ഗൌതമമുനീന്ദ്രന്റെ
ആശ്രമം പ്രാപിച്ചിരുന്നരുളീടിനാളഖി-
ലാശ്രയഭൂതയായ ശൎവ്വാണീസൎവ്വേശ്വരി.
വിഷ്ണുബ്രഹ്മാദികളും വന്ദിച്ചുപോയശേഷ-
മുഷ്ണിച്ചുവാണാൻ വിയോഗാഗ്നിനാമഹാദേവൻ.
ഗൌതമമഹാമുനി കിഴങ്ങും, പഴങ്ങളും,
പൂതമാംചമതയും, ദൎഭയും പുഷ്പങ്ങളും,
ശ്രൌതമാം കൃത്യാനുഷ്ഠാനത്തിന്നായ്ക്കൊണ്ടുകയ്ക്കൊ-
ണ്ടൌദാൎയ്യശാലിവീണ്ടിങ്ങെഴുന്നെള്ളീടുംവിധൌ
കുഴിഞ്ഞപുഴകളിലൊഴിഞ്ഞുതാഴുംജലം
ചുഴിഞ്ഞുപൊങ്ങി[2]മിട്ടാൽ വഴിഞ്ഞുകാണായ്വന്നു,
കൊഴിഞ്ഞോരിലകളും തഴഞ്ഞുപൂന്തേന്മഴ
പൊഴിഞ്ഞു ഫലിച്ചൊക്കക്കുഴഞ്ഞു വൃക്ഷങ്ങളും.
കഴിഞ്ഞുവൈരംതമ്മിൽ അഴിഞ്ഞമനസ്സോടു-
[3]മിഴിഞ്ഞുജന്തുക്കളും കുഴഞ്ഞുകളിക്കുന്നു,
പുലിയും, ഗോവും, പാമ്പും, എലിയും, തരക്ഷുവും,
കലയും സിംഹമാനതലവന്മാരുമേവം,

1 തപസാം=തപസ്സുകൊണ്ടു
2 മിട്ടാൽ=കര
3 ഇഴിഞ്ഞു=വിനയഭാവം കൈക്കൊണ്ടു

[1]തുലയാമഹാമായാവലയിലകപ്പെട്ടു
മലയാമനോഭാവം നിലയുള്ളവരുള്ളം
ശിലയുംതഥാ[2]കുലമലയുംകുതൂഹലാ—
ലലിയും ചാരുവനവലയംകാണുന്തോറും
പലവും കണ്ടീവണ്ണം ഗൌതമമുനിശ്രേഷ്ഠൻ
ഫലമൂലാദികളുമേന്തിവന്നീടും വിധൌ
ആശ്രമോപാന്തേകണ്ടാൻ മഞ്ജുളമഹാതേജ
[3]സ്സാശ്രയാശാർക്കചന്ദ്രന്മാരിലും പ്രകാശമായ്
ആശ്ചര്യമേററം വളർന്നെത്രയുംമന്ദംമന്ദ—
മാശ്രമംപ്രവേശിച്ചാനന്നേരംകാണായ്വന്നു
പുണ്യരൂപിണിയായദേവിയെജഗത്രയ—
പുണ്യങ്ങളെല്ലാമൊരുമിച്ചിട്ടെന്നതുപോലെ
ഇരുളുംതമാലവും വിരളുംപരിചുനീ—
ണ്ടിരുളിൻനിറംപൂണ്ട ചുരുളുംകേശപാശം
[4]തരളാളികൾ മണ്ടിമൂരളുംവണ്ണംചെറു—
ത്തരുളുമളകങ്ങൾ [5]കുരളസുഷമയും
കുടിലംചന്ദ്രഖണ്ഡമടലിലൊളിച്ചീടും
ചട്ടുലഭംഗിതേടും നിടിലത്തിലകവും
[6]മല്ലികാഭല്ലവില്ലെത്തല്ലിവെല്ലുന്നചില്ലി
വല്ലികാമതല്ലികാകല്ലോലവിലാസവും

1 തുലയാമഹാമായ=(തുലയാത്ത)നശിപ്പിക്കാൻ കഴിയാത്ത മഹാമായ
2 കുലമല=കുലഗിരി
3 ആശ്രയാശൻ=അഗ്നി
4 തരളാളികൾ=ചഞ്ചലങ്ങളായ വണ്ടുകൾ
5 കുരളസുഷമ=കുറുനിരകളുടെ ശോഭ.
6 മല്ലികാഭല്ലവില്ല=മല്ലികയായ ഭല്ലത്തോടുകൂടിയവന്റെ (കാമന്റെ) വില്ലിനെ; ഭല്ല=ശരം.

ചരണസരോരുഹശരണാഗതജന-
ഭരണലോലായതകരുണാകടാക്ഷവും
പത്മങ്ങളുടെ നവകർണ്ണികാകാന്തിക്കൊരു
സത്മമായ്വിളങ്ങിടും മഞ്ജുളനാസികയും
മദനരസസാരസദനമായീടുന്ന
രദനച്ഛദങ്ങളിൻ മൃദുലപ്രകാശവും
ചന്തമില്ലെന്നന്തരാ വെന്തുമുത്തുകളെല്ലാം
[1]തന്തുവിൽ [2]ഞാൽകെന്നേകും ബന്ധുരദന്തങ്ങളും
കർണ്ണമണ്ഡനമായ കുണ്ഡലഷണ്ഡംകൊണ്ടു
മണ്ഡിതമായിമിന്നും ഗണ്ഡമണ്ഡലങ്ങളും
പുണ്ഡരീകങ്ങളുടെ [3]ഷണ്ഡങ്ങൾതൊഴുതീടും
[4]തുണ്ഡപീയൂഷഭാനുമണ്ഡലപ്രസാദവും
കാളത്വംപൂണ്ടുഗളനാളത്തോളവുംചെല്ലും
ക്ഷ്വേളത്താലീശനന്നന്നാളെത്തുംമൃതിനീക്കി
മേളത്തിൽ പ്രാണേശ്വരീഭാവത്തിൻലാളിത്യത്തെ
ക്കോളൊത്തുവരുത്തീടും കണ്ഠമംഗല്യസൂത്രം
വ്രീളത്തെപ്പൂണ്ടുനിത്യം വ്യാളത്തിൻഗണങ്ങൾപാ-
താളത്തിൽ കിടക്കെന്ന താളത്തെക്കല്പിച്ചീടും
മംഗലഭുജങ്ങളും ഗദകങ്കണാദിയും
അംഗുലീയങ്ങളണിഞ്ഞംഗുലീനികരവും
പങ്കജശരാതങ്കംതങ്കും ശങ്കരൻപൂണും
കൊങ്ക കുങ്കുമപങ്കംകൊണ്ടലംകൃതമായേ

---

1 തന്തു=നൂൽ
2 ഞാൽക (ഞാലുക) തൂങ്ങുക.
3 ഷണ്ഡം=സമൂഹം
4 തുണ്ഡപീയൂഷഭാനുമണ്ഡലം=മുഖമാകുന്ന ചന്ദ്രബിംബം.

ഉദരലഘിമയുമുദധിനിറംകോലും
മൃദുലരോമാളിയും മധുരംനാഭിദേശം
പൂഞ്ചേലമീതെമണിലാഞ്ഛിതമായിമിന്നും
കാഞ്ചനവിരചിതകാഞ്ചിയും ജഘനവും
തുടിയും ചെറുത്തപൊൽക്കൊടിയുമടിക്കുപ്പ-
മിടയും കദളിയോടിടയും തുടകളും
പിണങ്ങിമണിച്ചെപ്പും ഞെണുങ്ങിലഘുതരം
വണങ്ങും [1]മുഴങ്ങലിണങ്ങും കണങ്കാലും
[2]ശിഞ്ജാരഞ്ജിതംമണിമഞ്ജീരമണിഞ്ഞേററം
കഞ്ജമഞ്ജലിചെയ്യും മഞ്ജുളശ്രീപാദവും
കേശാദിപാദമേവം കേശവവിരിഞ്ചനാ-
കേശാദിദ്ധ്യായമാനംക്ലേശാദിവിനാശനം
കണ്ണിണകളിന്നീടുംവണ്ണംകണ്ടവിളംബം
പുണ്യവാരിധിധന്യധന്യനാം മുനിശ്രേഷ്ഠൻ
പാദ്യാർഘ്യാചമനീയമധുപക്കാദികളാ-
ലാദ്യയാം ദേവിതന്നെ പൂജിച്ചുഭക്തിപൂർവ്വം
സ്മരണംകൊണ്ടു ജനിമരണസമുദ്രത്തെ
തരണംചെയ്യിപ്പിക്കും ചരണാംബുജങ്ങളിൽ
തരസാ സാഷ്ടാംഗമായ് നമസ്കാരവുംചെയ്തു
ശിരസാപാദതീർത്ഥം ധരിച്ചുവിശുദ്ധനായ്
അംബുജനയനയാമംബികാദേവിതന്നോ-
ടമ്മുനിമന്ദംമന്ദമുണർത്തിച്ചരുളിനാൻ:—

1 മുഴങ്ങഴൽ=മുട്ട
2 ശിഞ്ജാരഞ്ജിതം=ശിഞ്ജിതത്താൽ മനോഹരം. ശിഞ്ജാ(ശിഞ്ജിതം) ഭൂഷണ ധ്വനി.
3 കേശവവിരിഞ്ചനാകേശാദി=വിഷ്ണു, ബ്രഹ്മാവു ഇന്ദ്രൻ മുതലായവർ,

"സന്തുഷ്ടന്മാരാംഗുരുഭൃത്തന്മാരകതാരിൽ
സന്തതംചിന്തിച്ചു ചിന്തിച്ചുമേവീടുന്നൊരു
ചിന്തിത ചിന്താമണിയായ നിന്തുരുവടി
യന്തികേ കാണാസ്സുന്നു ഹന്തമേ ഭാഗ്യോദയാൽ
സന്താപമെല്ലാംവെന്തുവെണ്ണീറായെന്നാകിലും
സ്വാന്തമുണ്ടൊരുകാര്യമറിവാനുഴറുന്നു
ശാന്തബന്ധുവാംതവ കാന്തനോടൊരുമിച്ചേ
[1]കാന്തസമ്മദംസദാവാഴും നിന്തിരുവടി
തന്തിരുവടിതന്നെപ്പിരിഞ്ഞീവണ്ണമിപ്പോ
ളെന്തൊരുബന്ധമെഴുന്നെള്ളുവാ"നെന്നീവണ്ണം
ബന്ധമററുള്ള [2]മുനിബന്ധുരവാക്യംകേട്ടു
ബന്ധൂകാധരിതാനുമരുളിച്ചെയ്തീടിനാൾ:—

"അന്തകാന്തകനായോരാദിനായകൻമുമ്പി
ലന്തമില്ലാതെയുള്ളോരമരസഭാന്തരേ
[3]അന്ധകാരേണഗണനായകനെന്നെവേറി
ട്ടന്തരാവലംവച്ചുദേവദേവനെമാത്രം
വന്ദിച്ചാനതുമൂലംമന്ദിച്ചുമനോഭാവം
മന്ദമെന്നിയേപോന്നുവന്നു ഞാനറിഞ്ഞാലും
വന്ദ്യമാംദേവദേഹംപാതിയുംലഭിക്കിലേ
വന്നീടാസ്സിതുമിനിമേലിലീയവമാനം
അതിനെന്തൊന്നു നല്ലതതുനീയരുളേണ-
മധുനാമഹാമതേ മഹിതതപോനിധേ."

1 ഏകാന്തസമ്മദം=അത്യന്തം സന്തോഷം
2 മുനിബന്ധുരവാക്യം=മുനിയുടെ മനോഹരമായ വചനം
3 അന്ധകാരേണ—അജ്ഞാനത്താൽ—ഗർവ്വിനാൽ

ഈശ്വരിയുടെ വാക്യമീവണ്ണംകേട്ടതപ-
സ്വീശ്വരൻ ശൈവേതിഹാസാഗമപുരാണങ്ങൾ
സാദരമോത്തുള്ളതിൽ സാരമായിരിപ്പോരു
കേദാരവ്രതം ദേവിക്കുപദേശിച്ചീടിനാൻ.
വൈശിഷ്ട്യമേറുന്നോരു[1]നഭസ്യമാസംതന്നിൽ
വൈശിഷ്ട്യംകലന്ന ശുക്ലാഷ്ടമ്യാമുഷഃകാലേ
സ്നാനവും സ്വകീയാനുഷ്ഠാനവുംചെയ്തു ശുദ്ധ്യാ
മാനസാദികൾ മറെറാന്നിങ്കലുംചേന്നീടാതെ
വൃഷഭാരൂഢം ജടാമകുടംചതുർഭുജം
സുഷമാലയം നാഗഭൂഷണവിഭൂഷിതം
ദക്ഷിണാമൂത്തിയായ കേദാരേശ്വരൻതന്നെ
ലക്ഷണയുക്തംധ്യാനിച്ചൈക്യഭാവനയോടും
ആവാഹിച്ചനന്തരമാസനംപാദ്യമർഘ്യം
പാവനാചമനീയമധുപക്കസ്നാനങ്ങൾ
വസ്ത്രയജ്ഞോപവീതാലങ്കാരഗന്ധാക്ഷത-
പത്രപുഷ്പാദ്യങ്ങളാം മുഖ്യോപചാരങ്ങളാൽ
പൂജിച്ചുയഥാവിധിപായസപക്വാദികൾ
പൂജനീയനാംകേദാരേശനുനിവേദിച്ചു
ശോധനാചമനീയതാംബൂലധൂപദീപാ-
രാധനനൃത്തഗീതസ്തുതിപാഠാദിയാലും
സന്തുഷ്ടനായകേദാരേശ്വരൻതിരുമുമ്പിൽ
സന്തതം ഭക്തിപൂർവ്വംനമസ്കാരവുംചെയ്തു

---

1 നഭസ്യമാസം=പ്രൌഷ്ഠപദമാസം—കന്നിമാസം.

പട്ടുനൂലെന്നാകിലും പരുത്തിനൂലാകിലും
സ്പഷ്ടമാമിരുപത്തൊന്നിഴയാൽ[1] പ്രതിസരം
പുരുഷന്മാരെല്ലാരും വലത്തുകരംതന്നിൽ
നാരിമാരിടത്തേതിൽധരിച്ചുസമന്ത്രകം
മന്ത്രത്തെച്ചൊല്ലീടുകി[2]ലന്തർജ്ജനന്മാരാമവ
[3]രന്തമുണ്ടിതിനെന്നതന്ത്രരാ ചൊല്ലീടുവോർ
നില്ക്കതിങ്ങിനെ വ്രതാരംഭണം ചെയ്തുനിജ—
ഹൃൽക്കമലാന്തേഭഗവൽപദംപ്രതിഷ്ഠിച്ചു
സമ്പൂർണ്ണഭക്തിയെന്നും ഭവിക്കേണമേയെന്നും
സമ്പൂർണ്ണസ്വരൂപനാംനാഥനോടപേക്ഷിച്ചു
പിന്നെയും നമസ്കാരംചെയ്തുതൽപ്രസാദവും
തന്നുടെമൂർദ്ധാവിങ്കൽ ചേർത്തഖണ്ഡാനന്ദനായി
പൂജയും സമർപ്പിച്ചു ദ്വാസിപ്പിച്ചുത്രിലോകീ
ബീജാധിഷ്ഠാനസ്വരൂപാത്മനാനിശ്ചഞ്ചലം
മഹിതംസദാശ്രീപഞ്ചാക്ഷരമന്ത്രംജപി–
ച്ചഹിതമാരോടും ചൊല്ലീടാതെ വിനീതനായി
[4]കല്പവുംകേട്ടുദിനം കഴിച്ചുസന്ധ്യാകൃത്യം
കല്പിച്ചവണ്ണംചെയ്തു ഭോജനംചെയ്തേകദാ
ദർഭയിൽബ്രഹ്മചര്യംദീക്ഷിച്ചുശയിക്കേണം
ദർപ്പണതാംബൂലാദി[5]ദർപ്പസന്ദർഭകരം -

---

1 പ്രതിസരം–നൂൽകാപ്പു് (കങ്കണം)
2 അന്തർജ്ജനന്മാർ–വിജ്ഞന്മാർ
3 അന്തം=നാശം—ദോഷം.
4 കല്പം=ആഗമശാസ്ത്രം.
5 ദർപ്പസന്ദർഭകരം=ദർപ്പത്തിനു പ്രസക്തിയുണ്ടാക്കുന്നതു.

വസ്തുക്കളഖിലവും വർജ്ജിച്ചപരമാത്മ-
വസ്തുവെസ്സേവിച്ചാലും മാനസശുദ്ധ്യാസമം
നിത്യമീവണ്ണം ദിനമിരുപത്തൊന്നുംചെന്നാ
ലത്യന്തപുണ്യാകൃഷ്ണപക്ഷത്തിൽ ചതുർദ്ദശീ
തിഥിനാൾനിത്യകൃത്യംചെയ്തുരാത്രിയിൽപ്പിന്നെ
വിധിയാംവണ്ണംപുരോഹിതൻറനിയോഗത്താൽ
[1]തടിനീതടീതടാകാന്തികംമഠംവട-
വിടപിച്ചുമടുമെന്നിവിടെയൊരിടത്തു
കുഴിയും കുന്നുമൊപ്പം അഴകിൽനിരത്തിമ-
ണ്ണിഴകിവിശുദ്ധമായ്മെഴുകീതൽപ്രദേശേ
ശാലയും വിശാലയായി വിദ്രുതംപണിചെയ്തു
ചാലവേചുററും പട്ടുശീലകൊണ്ടാച്ഛാദിച്ചു
മേലേടംനാനാദിവ്യാംബരകല്പിതമായ
മേലാപ്പുകൊണ്ടുവിതാനിച്ചുമാലകൾതൂക്കി
ചൂഴവും കരിമ്പുകൾ കവുങ്ങിൻകുലയോടും
വാഴയുംനിരന്നെങ്ങുംപാഴെന്യേമനോജ്ഞമായ്
നല്ലമല്ലികാജാതിമുല്ലചെമ്പകാശോക-
ഫുല്ല[2]ഹല്ലകപത്മാദ്യുല്ലസൽപുഷ്പങ്ങളും
ഇളനീർക്കുലകളും ഇളനൂക്കുലകള
മിളകുംകുരുത്തോലകളെയുംതൂക്കിനീളെ

---

1 തടിനീതടി=നദീതീരം.
2 ഹല്ലകം=ചുവന്ന സൌഗന്ധികം.

ധൂപവൈപുല്യംകൊണ്ടുംദീപവൈമല്യംകൊണ്ടും
ശോഭനയായശാലാമദ്ധ്യവേദികതന്നിൽ
ധന്യനാംപുരോഹിതൻതന്നെയാനയിച്ചുടൻ
ധാന്യരാശിയിൽ പൂൎണ്ണകുംഭസ്ഥാപനംചെയ്തു
ഇഴകളിരുപത്തൊന്നെഴുന്നപുതുനൂലാ
ലഴകാം വണ്ണമതിൻ ചുഴലെവലം ചുററി
നവമാം വസ്ത്രംകൊണ്ടു[1]വേഷ്ടിച്ചുയഥാശക്തി
നവരത്നങ്ങൾ പൊന്നെന്നാകിലും നിക്ഷേപിച്ചു
നാളികേരവും മീതെവെച്ചു കേദാരേശനാം
നാളീകശരാരിയെയാവാഹിച്ചനന്തരം
പിച്ചകം കരുമൊഴിതെച്ചിയും ചേമന്തിയും
സ്വച്ഛശുദ്ധാക്കമുല്ലമലരിയലരിയും
സുവൎണ്ണവൎണ്ണത്തിനുമവൎണ്ണം തിൎണ്ണംചേരു-
മവ്വൎണ്ണംവൎണ്ണനീയ സുവൎണ്ണസുവൎണ്ണകം
മുല്ലമല്ലികാവിലപല്ലവം തുളസിയും
ചൊല്ലെഴും നല്ലപുഷ്പതല്ലജം മററുമെല്ലാം
അക്ഷതസുഗന്ധങ്ങളക്ഷീണധൂപദീപം
ലക്ഷണാന്വിതം മററും സൎവ്വോപചാരംകൊണ്ടും
പൂരിച്ചഭക്തിയോടും പൂജിച്ചുയഥാവിധി
ഭൂരിമാധുൎയ്യപകപഫലങ്ങളനേകദാ
ശുദ്ധമാജ്യങ്ങളാൽ മിളിതാന്നങ്ങളന്നാം
വളരും രുചികരവ്യഞ്ജനഭേദങ്ങളും

---

1 വേഷ്ടിച്ചു

ഇഷ്ടമാം പരമാന്നം പുഷ്ടമാമപൂപങ്ങൾ
പിഷ്ടശഷ്കുല്യാദിയങ്ങിഷ്ടഭോജ്യങ്ങളോടും
ഇരുപത്തൊന്നുവിധമോരോരോവകയ്ക്കിവ
പരിചിൽ സമ്പാദിച്ചു സമ്പൂർണ്ണഭക്തിയോടും
മൃഷ്ടമായ് നിവേദിച്ചാചമനീയവും നല്കി
ശിഷ്ടതാംബൂലാദിസന്തുഷ്ടനാം ദേവൻ മുമ്പിൽ
നൃത്തവും ഗീതംസ്തുതിവാദ്യപാഠാദികളും
ശ്രദ്ധയാസാദരം പ്രയോഗിച്ചു വന്ദിച്ചുവീണ്ടും
ഘോരസംസാരപാരാവാരവാരിയിൽ മുങ്ങി
പ്പാരംകാണാഞ്ഞുപാരം പാരിച്ചപരിതാപം
പാരവശ്യേന പരിഗ്രഹിച്ചോരെന്നെക്കൃപാ-
പാരംപര്യൈക പരായണനാം ഭവാൻദ്രുതം
[1]പാരീതോഷികാപാംഗപാതപോതേന[2]പാരം
പാരാതെകരയേററീടേണമേ പരാപര
പാരീരേഴിനുംനാഥാ പരമേശ്വരശംഭോ
പാരമാർത്ഥികമൂർത്തേ നമസ്തേനമോസ്തുതേ
പരമാത്മാവാം തവ പരമാനന്ദരൂപം
പരിണാമവും പരിമാണവുമില്ലാതെങ്ങും
പരിപൂർണ്ണമായറിഞ്ഞീടുവാനരുളേണം
പരിചോടനുഗ്രഹം ഭക്തവത്സലപോററി"
ഇത്തരംപ്രാർത്ഥിച്ചു തൻചിത്താഭിലാഷം മുററും
സത്വരമപേക്ഷിച്ചു നത്വാശ്രീപാദാംബുജം

---

1 പാരിതോഷികാപാംഗപാതപോതേന = പരിതോഷപ്രയോജനമായ കടക്കണ്ണിന്റെ പതിക്കലായ തോണികൊണ്ട്.

2 പാരം = മറുകര.

കല്പവും കേട്ടശേഷം സൽഫലപകാദിക–
ളല്പമാസ്വദിച്ചുടൻ ക്ഷുൽപിപാസാദികൾ നീക്കി
ചെററുമേയുറങ്ങാതെ ജപിച്ചു തിരുനാമം
തെററന്നുരാത്രിശേഷം കഴിഞ്ഞോരനന്തരം
പിററന്നാളുഷക്കുമ്പോൾ മുററുമിങ്ങിനെതന്നെ
തെററാതെപൂജ ചെയ്തു വന്ദിച്ചുമഹേശ്വരം
വ്രതവും സമപ്പിച്ചു[1]ദ്യാപനം ചെയ്തുപിന്നെ
ശ്രുതസമ്പന്നൻ പുരോഹിതന്നു യഥാബലം
ദക്ഷിണ ചെയ്തു ശുഭലക്ഷണാത്മനാപാദം
തൽക്ഷണം വന്ദിച്ചു സമ്മാനിച്ചുഭക്തിപൂർവ്വം
പൊന്നുകൊണ്ടൊരുരൂപം മുന്നെനിർമ്മിച്ചുള്ളതിൽ
[2]തന്വിയാം വസ്ത്രദ്വയീതന്നാലെ വേഷ്ടിച്ചുടൻ
അന്യാലങ്കാരങ്ങളുമണിഞ്ഞു പൂജിച്ചുത്തു
ധന്യനാം വിപ്രേന്ദ്രനായ്ക്കൊണ്ടു ദക്ഷിണയോടും
ദാനവും ചെയ്തന്നദാനാദിയുമായവണ്ണം
മാനസശുദ്ധിയോടും ദോത?ത്തെസ്സദക്ഷിണം
കല്പത്തെപ്പഠിച്ചോരുചിൽപുരുഷന്റെ ഭക്ത–
ന്നല്പന്നമോദംനൽകി പാരണചെയ്തീടേണം
ഇരുപത്തൊന്നുവർഷം നിർവ്വിഘ്നമേവംചെയ്തു
പരിശുദ്ധന്മാരാകും സ്ത്രീപുരുഷന്മാർക്കെല്ലാം

---

1 ഉദ്യാപനം = (ഉദ്വാസനം) പൂജ അവസാനിപ്പിക്കൽ.
2 തന്വി = നേരിയ.

കേദാരേശ്വരപ്രസാദംകൊണ്ടു സിദ്ധിച്ചീടും
സാദരമശേഷാഭീഷ്ടങ്ങളും സത്യം സത്യം.
ആദ്യനാമീശഭക്തന്മാൎക്കണ്ടോ നിരൂപിക്കിൽ
സാദ്ധ്യമല്ലാതെയൊരുകാൎയ്യമിജ്ജഗത്രയേ
ആകയാലാകാംക്ഷിതമാകവേ ലഭിപ്പാനായ്
[1]ആക്രൂതംമഹാവ്രതമനുഷ്ഠിക്കെന്നീവണ്ണം
ഗൌതമവാക്യംകേട്ട ഗൌരിയും മനസ്സിങ്കൽ
കൌതുകശ്രദ്ധാഭക്തി ഗൌരവസമന്വിതം
ഉക്തമായതുപോലെ യുക്തമാംമഹാവ്രതം
ഉത്തമമനുഷ്ഠിച്ചാളുത്തമാമഹേശ്വരി.
ദേവദേവനാം മഹാദേവനുമുടൻതന്നെ
ദേവകളോടും വൃഷാരൂഢനായെഴുന്നള്ളി
സ്നേഹാർദ്രഭാവത്തോടുംദേഹാർദ്ധം ദാനംചെയ്തു
[2]മോഹാന്ധിദ്ധ്വാന്താരുണ[3]നിഹിതാൎത്ഥദനീശൻ
ദേവിയും പ്രസാദിച്ചു ദേവനോടൊരുമിച്ചു
ദേവൎഷിസിദ്ധ[4]പൂൎവ്വദേവഗന്ധൎവ്വാദിയാൽ
പ്രസ്തുതസ്തുതിഗീതനൃത്തമഞ്ജുളവാദ്യ-
പ്രസ്തുതിജയഘോഷപ്രകൎഷപ്രസന്നയായ്

---

1 ആക്രൂതം = ആശ്ചൎയ്യം
2 മോഹാന്ധിദ്ധ്വാന്താരുണപ = അജ്ഞാനംകൊണ്ടു പീഡയായ ഇരുട്ടിന്നു സൂൎയ്യൻ.
3 ഈഹിതാർത്ഥദൻ = കാംക്ഷിച്ച വസ്തു കൊടുക്കുന്നവൻ.
4 പൂൎവ്വദേവന്മാർ = അസുരന്മാർ.

169681
36581
Q23:4194
32J3
UNIVERSITY LIBRARY
28 DEC 1953
MADRAS

ശ്രീകൈലാസം പ്രാപിച്ചുവസിച്ചുയഥാസുഖം
ലോകൈകനാഥനോടും ലോകൈകമാതാമുദാ.

ഇന്ദ്രനും പുനരരവിന്ദബാണാരിയായോ-
രിന്ദുചൂഡനെ വന്ദിച്ചുന്നേരമപേക്ഷിച്ചാൻ

"നാനാലോകങ്ങളിലും നാനാ[1]വർണ്ണികളിലു-
മാനന്ദപ്രാപ്തിഹേതുഭൂതം കേദാരവ്രതം
മഹിതമിദം യഥാവിഹിതമനുഷ്ഠിക്കും
മഹതാമഭീഷ്ടങ്ങൾ സഹസാലഭിക്കേണം."
അംഗജാരാതി സർവ്വമംഗലയോടുംവരം
മംഗലമിന്ദ്രന്നുനൽകീടിനാനവ്വണ്ണമെ.
ലോകേശനാകലോകേശാദികൾ നിജനിജ-
ലോകേഷുസർവ്വം ലോകേശാജ്ഞയാചെന്നുവാണാർ.
കേദാരവ്രതത്തിന്റെ മാഹാത്മ്യംകൊണ്ടീവണ്ണം
സാദരംദേവീ ദേവദേഹാർദ്ധംപ്രാപിച്ചതും
തദനുനന്ദീശ്വരൻതദനുഷ്ഠിച്ചുഭവ-
സദനദ്വാരാധിപത്യാദികൾ സിദ്ധിച്ചതും
നന്ദീശനോടു മുനിനന്ദനൻദേവലാഖ്യൻ
നന്നായിഗ്രഹിച്ചുനോററതിന്റെ ഗൌരവത്താൽ
ബ്രഹ്മഹത്യയുംനീങ്ങി നിർമ്മലന്മാരായീടും
ബ്രഹ്മജ്ഞന്മാരിൽവെച്ചു സമ്മതനായിവന്നാൻ

---

1 നാനാവർണ്ണികരം=നാനാജാതികരം, വർണ്ണിശബ്ദം 'വർണാൽ ബ്രഹ്മചാരിണി' എന്ന സൂത്രപ്രകാരം ബ്രഹ്മചാരി എന്ന അർത്ഥത്തിന്നാംബോധകമെങ്കിലും ഇവിടെ ബ്രാഹ്മണാദിജാതിയോടുകൂടിയവർ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.

ദേവലനരുൾചെയ്ത ദേവാചാൎയ്യനുംനേരററു
കേവലം വാചസ്പത്യംലഭിച്ചാനറിഞ്ഞാലും
ഗുരുവിൻപോക്കൽനിന്നു കേദാരവ്രതത്തിൻെറ
ഗുരുമാഹാത്മ്യംഗ്രഹിച്ചനുഷ്ഠിച്ചഗസ്ത്യനും
സമസ്തതപസ്തേജസ്ഥാനമായ്‌വന്നീടിനാൻ
സമസ്തേശ്വരൻതൻെറ കാരുണ്യംചിത്രം ചിത്രം!
പിന്നെയും ചിത്രാംഗദനെന്നഗന്ധൎവ്വശ്രേഷ്ഠൻ
നന്ദികേശനെ വന്ദിച്ചതിൻെറ വിധിക്രമം
ഗ്രഹിച്ചുമഹിയിലും ഗ്രഹിപ്പിക്കേണമിതിൻ
മഹത്വമെന്നോൎത്തുള്ളിൽ ബൃഹദൌത്സുക്യത്തോടും
പാരിതിൽ പ്രസിദ്ധമാം ഭാരതഖണ്ഡംതന്നിൽ
പാരാതെ സഞ്ചരിച്ചുജ്ജയനീപതിനൃപൻ
വജ്രദന്തനെദ്ധരിപ്പിച്ചവനനുഷ്ഠിച്ചു
വജ്രപാണിക്കു തുല്യപ്രാഭവനായി വന്നാൻ.
മുപ്പുരവൈരിപദമുൾപ്പൂവിലാക്കിമന്നൻ
മുപ്പാരിലെങ്ങും പുകൾപരത്തി വാഴുംകാലം
തല്പുരിതന്നിലൊരു വൈശ്യൻെറ മകളരായ്‌
അല്പഭാഷിണിമാരുമിരുവരുണ്ടായ്‌വന്നാർ
ഉല്പന്നമാരായുള്ളോരുല്പലാക്ഷികൾക്കന്നേ
ഉൾപ്പൂവിൽഭക്തികൂടെയുത്ഭവിച്ചതുചിത്രം.
അപ്പുരികുഴലികൾക്കുള്ളതനാമങ്ങളോ
ചൊൽപ്പൊങ്ങും പുണ്യവതിപില്ലാട്ടുഭാഗ്യവതി

കന്യകളെന്നാകിലും കന്നൽനേർമിഴിമാരും
ധന്യകേദാരവ്രതാനുഷ്ഠാനശ്രദ്ധയാലെ
ജനകൻതന്നെ വന്ദിച്ചനഘമനസ്സോടും
ജനിതാനന്ദം പുനരവനോടപേക്ഷിച്ചാർ
കേദാരവ്രതമനുഷ്ഠിപ്പതിന്നനുഗ്രഹ-
മാദരാൽ നല്കീടേണമെന്നതുകേട്ടനേരം
വാത്സല്യം പൂണ്ടു പുണർന്നുത്സംഗേ ചേർത്തുനിജ-
വത്സമാരോടീവണ്ണം വൈശ്യനും ചൊല്ലീടിനാൻ
"പെരുത്ത പദാർത്ഥങ്ങൾ [1]വരുത്തുംവാറെങ്ങിനെ
ദരിദ്രനായുള്ള ഞാൻ ചരിത്രവതിമാരെ
നിരർത്ഥന്മാരാമവക്കൊരത്തഭക്തികൊണ്ടേ
പരത്തിൽ പ്രാപ്തിയെന്നു സമസ്തശാസ്ത്രങ്ങളും
അവരുമതുപൊഴുതവനോടുരചെയ്താർ:—
"അവശഭാവങ്ങളുള്ളവനീകളഞ്ഞാലും
നിന്നുടെയനുവാദമെന്നുള്ളമഹാധന
മൊന്നുമാത്രമേ പോരുമെന്നതു ധരിച്ചാലും
മററൊന്നും ചിന്തിക്കേണ്ട ചെററുമേമനക്കാമ്പിൽ
തെററെന്നു ദൈവംനല്കും മററുമെന്നതേവേണ്ടു"
എന്നാകിലവ്വണ്ണമാകെന്നവനനുജ്ഞയും
നന്നായിപ്പരിഗ്രഹിച്ചന്നവരിരിവരും
നല്ലവാഹിനീതീരെ വല്ലരിനിറഞ്ഞെഴും
മല്ലികാമുമ്പായ പൂവല്ലികൾ വൃക്ഷങ്ങളും

---

1 വരുത്തുംവാറ്=വരുത്തുന്ന പ്രകാരം

ചുഴലുന്നൊരു [1]വടനിഴലിലൊരുശാല
യഴകിൽപ്പണിചെയ്തു മെഴുകിവിശുദ്ധമായ്
ഒഴുകും ജലംതന്നിൽ മുഴുകി വിശുദ്ധമായ്
മഴവും മാനമേന്തും ദേവനെധ്യാനംചെയ്തു
ശക്തിക്കുതക്കവണ്ണം ഞങ്ങളും നോൽക്കുന്നിതു
ഭക്തവത്സല തെളിഞ്ഞരുളേണമേപോററി
പാലയ കൃപാലയ പാലയ എന്നു ചൊല്ലി
ശാലയിൽ വരുന്നേരം ചാലവേ കാണായ്വന്നു
വിളക്കും പൊന്നും നിറപറയും നിറകുംഭം
വിളക്കംചേരും നിറമാലയും പുഷ്പങ്ങളും
നിരക്കത്തൂക്കിയെങ്ങുംപരക്കെ വിതാനിച്ചു
നിരക്കുംഗന്ധാക്ഷതധൂപസാധനങ്ങളും
പകപവും പാലും പഞ്ചതാരയും നെയ്യുംതേനും
ശക്കരനാളികേരം നൽക്കരിമ്പിളനീരും
പിഷ്ടാപൂപാദിയെല്ലാം പുഷ്ടമായുണ്ടാകുവാ-
നിഷ്ടമാം പദാത്ഥങ്ങൾ മററും വേണുന്നതെല്ലാം
കുററമെന്നിയേകണ്ടു കററവാർകുഴലിക-
ളുററമില്ലാതഭക്തിരസത്തിൽമുങ്ങീടിനാർ.
ഉററവരുടയോരും ചെററുമേയില്ലെങ്കിലും
നെററിക്കണ്ണനിലേററം മുററീടും ഭക്തിതന്നെ
ഉററതെന്നകതാരിലുറപ്പിച്ചീടുന്നാകിൽ
ചെററവന്നെതിരില്ല [2]കൊററവന്മാരിൽപ്പോല

1 വടനിഴലിൽ=പേരാലിന്റെ നിഴലിൽ
2 കൊററവന്മാർ=രാജാക്കന്മാർ, കൊററം=(കൊൽ+തു+അം)വിജയം, രാജ്യഭരണം.

MUL
159681

[1]പററലരെങ്ങുമില്ല മററുള്ളലോകത്തിലും
അററുപോമല്ലോപാപം മുററുമേ പുണ്യങ്ങളും
മറെറല്ലാഗ്ഗുണങ്ങളും ഭക്തിതാന്തന്നെതരും
മറെറാന്നില്ലതിനോടു തുല്യമെന്നറിഞ്ഞാലും
തെറെറാലാ ഭക്തിമാഗ്ഗം തെററുകിൽപ്പിഴച്ചീടും
പറെറാലാദുസ്സംസഗ്ഗം പററുകിലാപത്തുണ്ടാം
പററലരാകുന്നതു ദുഷ്ടരെന്നുറയ്ക്കേണം
ഉററവരാകുന്നതുസജ്ജനമെന്നുന്നൂനം
[2]ചുററവുമവരോടേചെയ്യാവൂ സദാകാലം
മുററീടും ഭക്തിയതുമൂലമായെല്ലാവക്കും
കുററമെന്നുമേവരാപിന്നെയത്രയുമല്ല
തെററന്നു പുരുഷാത്ഥം നാലുംകൈവന്നുകൂടും.
ചിത്തത്തിൽ ചിന്തിച്ചേവം ചിത്തജവൈരിതങ്കൽ
ചിത്തവും സമപ്പിച്ചു കൃത്യവും തുടങ്ങിനാർ.
വിധിവാക്യങ്ങൾ ചൊല്ലും [3]വിധയെയനുഷ്ഠിച്ചു
മധുവാണികൾ വ്രതംനാളിരിപത്തുരണ്ടും.
ചന്ദ്രശേഖരൻതാനേമേററവും പ്രസാദിച്ചു
ചന്ദ്രബിംബാനനയാമംബികാസഹായനായ്
പ്രത്യക്ഷീഭവിച്ചരുളിച്ചെയ്തുദയാപരൻ
സത്യംനൽകുവൻവരംവേണ്ടതുവരിച്ചാലും.
ഭക്തികൊണ്ടേററംപാരവശ്യംപൂണ്ടവർകളും
ഭക്തവത്സലൻതന്നെ സ്തുതിച്ചുമുഹുർമുഹു:

---

1 പററലർ=(പററ് ഇല്ലാത്തവർ) ശത്രുക്കൾ
2 ചുററം=സംസഗ്ഗം
3 വിധ=വിധം—പ്രകാരം

സാംബനാംദേവൻതന്നെ വന്ദിച്ചു വലംവെച്ചു
സാമ്യമില്ലാതതൃക്കാലിണതന്നി[1]ണയവെ
വീണുടൻ നമസ്കരിച്ചേണലോചനമാരു-
മേണാങ്കചൂഡൻതന്നോടീവണ്ണമുണൎത്തിച്ചാർ:—

"നിന്തിരുവടിതന്നെച്ചിന്തിച്ചു ചിന്തിച്ചുള്ളിൽ
സന്തതം സൃഷ്ടിക്കുന്നു പങ്കജോത്ഭവൻ നൂനം.
നിന്തിരുവടിയിങ്കൽബ്ബന്ധിച്ച ഭക്തികൊണ്ടു
സന്ധിച്ചീടുന്നു രക്ഷാകൎത്തൃത്വം ഗോവിന്ദനും.
നിന്തിരുവടിയുടെ സേവാഗൌരവംകൊണ്ടു
ഹന്തസംഹരിക്കുന്നു രുദ്രനും ശിവശിവ!
അങ്ങിനെയെല്ലാമുള്ള നിന്തിരുവടിതന്നെ,
ഇങ്ങിനെ കാണായ്‌വന്നു ഞങ്ങൾക്കു ചിത്രം! ചിത്രം!
എന്തിതിന്മീതെയൊന്നു വരുവാനുള്ളതോൎക്കിൽ
ചിന്തിത ചിന്താമണേ, ദേവ ദേവേശപോററി!
ബന്ധമോചനംചെയ്യും ബന്ധുരപദങ്ങളിൽ
[2]ദന്തുരയായീടുന്ന ഭക്തിസംഭവിക്കേണം.
ഭോഗവും മോക്ഷവും സാധിക്കേണമിജ്ജന്മനാ
ഭോഗിഭൂഷണ, പോററി, നമസ്തേ നമോനമഃ"

ഈവണ്ണം പുണ്യവതീകേവലം മറേറവളും
പാവനവരം വരിച്ചീടിനോരനന്തരം
ദേവനുമവ്വണ്ണമേ വരികെന്നരുൾചെയ്തു
ദേവിയും തത്രമറഞ്ഞീടിനാളതുകാലം

1 അണയവേ=അടുക്കലായിത്തന്നെ.
2 ദന്തുര=ഉന്നത, നിറഞ്ഞ, കോരംമയിർക്കൊള്ളിക്കുന്ന.

വ്രതികളുടെമനോവ്രതത്തിന്നൊത്തവണ്ണം
വ്രതവും സമപ്പിച്ചു പാരണചെയ്തശേഷം
ജനകൻതന്നെച്ചെന്നു വന്ദിച്ചുകുമാരിമാ-
രനുമോദത്തോടവനാശിയും ചൊല്ലീടിനാൻ.
പ്രതിപച്ചന്ദ്രമാവിന്നെന്നതുപോലെപിന്നെ
പ്രതിവാസരം കാന്തിവദ്ധിച്ചിതിരുവക്കും.
കാലംചെഞ്ഞെമ്മെ തഥാനാലഞ്ചുമാസംകൊണ്ടു
പാലഞ്ചുംമൊഴിമാക്കമപ്സരസ്ത്രീകളേക്കാൾ
രൂപലാവണ്യസൌഭാഗ്യാദികളുണ്ടാകയാൽ
ഭൂപാലൻ വജ്രദന്തൻ കണ്ടു കൌതുകംപൂണ്ടാൻ.
മുക്കണ്ണൻ പ്രീതികോലുംമയ്ക്കണ്ണാൾമണിക്കന്നു
ചിക്കെന്നു കഴിഞ്ഞിതുമിക്കതുംകൌമാരവും
തയ്യൊക്കുംകപുല്കീടുവാനൽക്കൊണ്ടരാഗംകൊണ്ടു
ചൊല്ലൊണ്ടെറുപേന്ദ്രനു ധൈയ്യവുമതുപോലെ.
[1]ചേല്ക്കണ്ണാരുടെ കൺകോണേല്ക്കുന്നാളുണ്ടോപുന-
രാക്കാനും ധൈയ്യമുള്ളിലോക്കിലുണ്ടായീടുന്നു?
നിൽക്കെന്നാലുണ്ടോമനം നിൽക്കുന്നുചെറവുംതൻെറ
[2]ചൊല്ലുലല്ലെന്നാസ്ഥരും സജ്ജനങ്ങൾക്കുപോലും.
ആവോളമതിങ്കൽച്ചെന്നാവേശം ചെയ്തീടരു-
താവതില്ലകപ്പെട്ടാലേവനുമെന്നുന്നം.
മരിക്കുംപോഴുമെരിപൊരിക്കുംരാഗമുള്ളിൽ
ചരിക്കുമതിന്നു[3]നുകരിക്കുംപുനർജ്ജന്മം

1 ചേല്ക്കണ്ണാരം=ഭംഗിയുള്ള കണ്ണോടുകൂടിയവരം- സുന്ദരി
2 ചൊല്ലുൽ=ചൊല്ലുകരം എന്നാണു് മലയാള രൂപം. ഇതു് തമിഴ് രൂപമാണു്. ചൊൽക്കരം എന്നാണു് ശരിയായ രൂപം.
3 അനുകരിക്കും=അനുഗ്രണമായ്ത്തീരും

ഉരിക്കുമുഴക്കിനുമിരക്കെന്നാലുംമന-
മുരുക്കും; മഹാജനംചിരിക്കും കഷ്ടം! കഷ്ടം!
സ്മരിക്കുമിച്ചൊല്ലനുസരിക്കുന്നാകിലോപി-
ന്തിരിക്കുമുപായമുണ്ടിരിക്കുന്നിതുസത്യം.
പെരുക്കും രാഗങ്ങളെയ[1]രുക്കിക്രമത്താലെ
ചുരുക്കി വിവേകംകൊണ്ടറുക്കുംജനങ്ങൾക്കു
[2]തിരക്കും ജനിമൃതി[3]ത്തിരയ്യൽക്കളിയാതെ
പരക്കും മോഹാർണ്ണവം [4]തരിക്കാമറിഞ്ഞാലും.
തെരിക്കെന്നതിന്നു സൽഗുരുക്കന്മാരെ[5]ത്തിര-
[6]ഞ്ഞിരിക്കുന്നൊരുപുണ്യപുരിക്കുള്ളകംപുക്കു
നിരക്കുമുപഹാരം നിരക്കെവെച്ചുനമ-
സ്കരിക്കിൽ ഗുരുവരനരുൾക്കണ്ണെളായീടും
പൊരുൾക്കും യുക്തിക്കുമൊത്തിരിക്കുമനുഭവം
ധരിക്കപുനരനുസരിക്ക [7]സദാകാലം.
സ്മരിക്കഗുരുപ്രിയംചരിക്കപാദംപരി-
ചരിക്കനിശ്ചഞ്ചലമിരിക്കസമാധിയും.
[8]ഉരയ്യുമജ്ഞാനവേരറുക്കും വിവേകമാ

---

1 അരുക്കി=അടക്കി
2 തിരക്കും=മേൽമേൽ സംഭവിക്കും
3 തിരയ്യൽ=അലയിൽ
4 തരിക്കാം=കടക്കാം
5 തിരഞ്ഞിരിക്കുന്നു=തിരഞ്ഞു് എന്നും ഇരിക്കുന്നു എന്നും പ്രത്യേകം പദങ്ങളാം.
6 നിരക്കും=യോജിക്കും —ഉചിതമാകും
7 സദാകാലം. 'സദാ' എന്ന അവ്യയത്തിന്നുതന്നെ 'സർവ്വകാലം' എന്നൎത്ഥമുള്ളതിനാൽ ('ദാ' എന്നതു കാലവാചിപ്രത്യയമാകയാൽ) കാലശബ്ദം അധികമാകുന്നു. ഇങ്ങിനെ എഴുത്തച്ഛനും മററും പ്രയോഗിച്ചുകാണുന്നുണ്ടു്.
8 ഉരയ്യും=ഉരത്ത.

[1]മുരുക്കകരുക്കരിവാളുണ്ടാസ്സുരുമെന്നാൽ
തെരിക്കെന്നതിനെക്കൊണ്ടാരിക്കാലറുക്കില-
ങ്കരിക്കാപിന്നെയെന്നുമുറയ്ക്കുനിൎവ്വികല്പം
ഹരിക്കും വിരിഞ്ചനും സുരൎക്കുംമതമിതു
ഹരിക്കാവൊന്നല്ലഘോരാഗംഗറെറാന്നിനാലും.

[2]പണവാദികളായ വാദ്യഘോഷങ്ങളോടും
പണവും പൊന്നും വിഭൂഷണവും രത്നങ്ങളും
[3]വീരവാളിയും കുന്നിമാലയും മേഘവൎണ്ണം
ക്ഷീരോദംപച്ചപ്പൂപട്ടാംബരാദികൾ മററും
പെരികെക്കൊണ്ടുചെന്നു വൈശ്യനു സമ്മാനിച്ചു
തരികകന്യകയെയെന്നൎത്ഥിച്ചുനൃപേന്ദ്രനും.
പരമാനന്ദംപൂണ്ടുവൈശ്യനും പുണ്യവതീ
മറിമാൻകണ്ണിതന്നെ മന്നനുദാനംചെയ്താൻ.
ഉത്സംഗേചേൎത്തുഭൂപൻതത്സംഗംകൊണ്ടുണ്ടായോ-
രുത്സാഹാധിക്യമുൾക്കൊണ്ടുത്സാഹഘോഷത്തോടും
[4]ശുദ്ധാന്തമകംപുക്കു വസിച്ചുയഥാസുഖം.
ശുദ്ധാന്തഃകരണനാം നൃപതിതിലകനും
നവസംഗമംകൊണ്ടുദിവസംനിശകളി-
ന്നവസാനോദയങ്ങൾ നാഴികകൊണ്ടെന്നായി.

---

1 ഉരുക്കകരുക്കരിവാൾ=ഉരുക്കുകൊണ്ടുള്ള കരുക്കോടുകൂടിയ അരിവാൾ
കരുക്ക=ഈൎച്ചവാളിലും മററും ഉള്ള പല്ലു.
2 പണവാദി=മിഴാവു മുതലായ.
3 വീരവാളി (വീരാളി)തുടങ്ങിയവ ഓരോതരം വിശേഷപ്പെട്ട പട്ടുകളാകുന്നു
4 ശുദ്ധാന്തം=അന്തഃപുരം

ലാളനാഭേദങ്ങളാമാലോലാനന്ദ സിന്ധൌ
പാലോല്യം മൊഴിയാളെയാഴവേമുക്കീടിനാൻ.
മണിമാളികയുടെ മുകളിൽ മധുമൊഴി
മണിമാലികയോടുമിടചേൎന്നാരതം
പുണൎന്നും[1]ചോരിവായ് തേൻനുകൎന്നും കടാക്ഷങ്ങൾ
പകൎന്നും പരസ്പരംമുകൎന്നു മുഹുൎമ്മുഹുഃ
പറഞ്ഞും പ്രേമാത്ഭുതംപറഞ്ഞും ക്രുടാതൊന്നൊ
ന്നറിഞ്ഞും[2]തൃതീയാൎത്ഥം നിറഞ്ഞുമനുരാഗം.
[3]കുസുമശരരസരസധീരസം തന്നിൽ
സസുഖംമുങ്ങിമുങ്ങിക്കുളിരും മനസ്സോടും
പകലുംരാവും ചെറുതകലാതിരിവരും
സകലാനന്ദസമ്പൂൎണ്ണാത്മനാവാഴുംകാലം,
അബലാപുണ്യവതീയുപദേശിച്ച മാൎഗ്ഗം
പ്രബലൻ നൃപവരനാശ്രയിച്ചതിനാലെ
ശത്രുസംഘങ്ങളായ ശലഭാവലികളെ
ശസ്ത്രാഗ്നിജ്വാലതന്നിലൊക്കവെ പൊരിചെയ്താൻ.
പാൎത്തലത്തിങ്കലെങ്ങും കീൎത്തിയും പരത്തിക്കൊ-
ണ്ടാൎത്തികളൊക്കെനീക്കിപ്പാൎത്ഥിവൻ വാണീടിനാൻ.
കൃത്തിവാസസ്സിൻ കൃപാസക്തിവൈഭവമോൎത്താ-
ലെത്രയും ചിത്രംചിത്രമെന്നതേ പറയാവൂ!

---

1 ചോരിവായ് = ചുണ്ട്.
2 തൃതീയാൎത്ഥം = കാമപുരുഷാൎത്ഥം.
3 കുസുമശരരസരസധിരസം = കാമരസസമുദ്രത്തിലെ രസം.

അക്കാലം ഭാഗ്യവതിക്കുണ്ടായ ഗുണങ്ങൾകേ-
ട്ടക്കാഞ്ചീമഹേന്ദ്രനും മന്മഥാതുരനായാൻ.
ഊണുറക്കങ്ങൾപോലും രുചിയാഞ്ഞനുക്ഷണം
ക്ഷീണമായ്വന്നുദേഹം നാണവുമതുപോലെ.
ഏണലോചനമാരിലാണ്ടീടും മനസ്സിങ്കൽ
കാണിയുംമറ്റൊന്നിനും വേണമെന്നതുമില്ല.
നാണമെന്നതുമില്ല മാനമെന്നതുമില്ല
താണീടും വിജ്ഞാനവും വീണീടും നരകത്തിൽ.
ചേരരുതാരുമേറെ നാരിമാരോടു പാരിൽ
ചേരുന്നവണ്ണംതന്നെ ചേരാവൂഗൃഹസ്ഥനും.
ചേരുമല്ലായ്കിലാപത്താരുമേ ശങ്കിക്കേണ്ട,
ചേരവേചേരുമാകിൽ ചേരുമേസൌഖ്യങ്ങളും
രസത്തിന്നായ്ക്കൊണ്ടേറെച്ചേൎച്ച ഭാവിക്കും മുന്നേ
രസിച്ചുരസിച്ചേറേച്ചേൎന്നപോം പിന്നേന്തനം.
അനവാസര മനുരാഗത്തിൽ മുങ്ങിമുങ്ങി
യനുമോദിച്ചുതന്നെ തന്നെയും മറന്നീടും.
കാമുകവൃത്തിക്കതുതന്നെ മുഖ്യമാം ദോഷം;
കാമനെക്കൊണ്ടും ജിതേന്ദ്രിയനില്ലൊരുദോഷം.
കാഞ്ചീമന്നവൻപിന്നെ തേഞ്ചൊല്ലാളിങ്കലേറും
വാഞ്ഛയാവൈശ്യൻ തന്നെത്താൻചെന്നുകണ്ടുചൊന്നാൻ;-
"കാഞ്ചനാദികൾ യഥാവാഞ്ഛിതംതരാമേണ-
ലാഞ്ഛനാനനയെ നിശ്ചാഞ്ചല്യം നീ തരികടോ!

കട്ടത്തഭാവംപൂണ്ടുമട്ടത്താരമ്പൻ വമ്പോ-
ടട്ടത്തുശരവഷംതൊടുത്തു ശിവ ശിവ
ഇടിത്തീയെന്നാകിലും തടുത്തീടാവൊന്നിതു
തടുത്തീടരുതേതും മട്ടത്തുമനോബലം.
തടസ്ഥനായഭവാനട്ടത്തകൃത്യം ചെയ്യാ-
ലടുത്തീലേതും പ്രാണാപായമെന്നറിഞ്ഞാലും.
മട്ടത്തുകുംവാണിയെക്കൊട്ടത്തു വൈശ്യോത്തമൻ
കൊടുത്താനവനീന്ദ്രനവനും ധനമേററം
മടവാരുടെ കുലമൌലിമാണിക്കംതന്നെ
മടിയിൽവെച്ചുമന്നൻ മേളതാളങ്ങളോടും
വെങ്കററക്കുടതഴ ചാമരമാലവട്ടം
തങ്കത്തെക്കൊണ്ടുദണ്ഡംചേത്തവ പിടിപ്പിച്ചു
കളിച്ചുമച്ചുംനിലവിളിച്ചു മുടനടൻ
പുളച്ചും തെളിവുള്ളിൽതിളച്ചും പൌരജനം
ചുററും ചെഞ്ചെമ്മെ ചുഴന്നററബന്ധുക്കളോടും
[1]കൊററവൻകാഞ്ചീപുരം തെററന്നുപുക്കീടിനാൻ.
ചന്തമേറീടുന്നൊരു പന്തേലുംമുലയാളെ
സന്തതംരമിപ്പിച്ചു രമിച്ചുയഥാസുഖം.
ആലാപാലിംഗനാലോകാധരാമൃതകള-
ഭാലേപഭേദാദിയാലിളമാന്മിഴിയാളും
ഇന്ദ്രതുല്യനാമവനീന്ദ്രനുസദാകാല-
മിന്ദ്രിയങ്ങൾക്കു സമ്പൂണ്ണാനന്ദംചേത്തീടിനാൾ.

1 കൊററം=ജയം, വിജയി.

കാലവും കുറഞ്ഞൊന്നു കഴിഞ്ഞോരനന്തരം
ബാലനുമുണ്ടായ്വന്നിതെത്രയും സുശീലനായ്.
ഉത്തമനായ നൃപസത്തമനോട്ടുംചേൎന്നു
പുത്രൻതന്നെയും ലാളിച്ചുത്തമാഭാഗ്യവതി
വൎത്തിക്കും കാലത്തിങ്കൽ വൎദ്ധിച്ച സൌഖ്യംകൊണ്ടു
ചിത്തവുമേററം മദമത്തമായതുമൂലം
മുത്തണിമുലയാളാം മത്തകാശിനീരത്നം
ഉത്തമവ്രതംതന്നെ വെടിഞ്ഞാളഹോ ! കഷ്ടം!
സദ്വൃത്തന്മാൎക്കുപോലും കർത്തൃത്വം ഭോക്തൃത്വവും
ഭർത്തൃത്വം വക്തൃത്വമിത്യാദിനാംനാശകാലേ
പത്ഥ്യത്തെ പരിത്യജിച്ച ത്യൎത്ഥംമോഹത്താലെ
വ്യത്യസ്തമായിട്ടുള്ള കൃത്യത്തിൽബ്ബുദ്ധിചെല്ലും.
ചിത്രമെത്രയും ചരിത്രം വിചിത്രമോൎത്തോളവും
ചിത്തവൃത്തികളുടെ വൃദ്ധിയും സങ്കോചവും!
മുക്തിക്കുമൂലമായ ഭക്തിയും ദീനന്മാൎക്കു
ശക്തിവേറിട്ടുമസംസക്തിയും ഭവിച്ചീടും.
യുക്തിയുമുപനിഷദുക്തിയുമവ്വണ്ണമേ
ഭക്തിമുക്തികളൊന്നിച്ചെത്തുവാൻ പണിയത്രെ!
[1]ശുക്തിയിൽ വെള്ളിപോലെയജ്ഞാനംകൊണ്ടുതോന്നും
വ്യക്തിയും സത്യമെന്നേമുഗ്ദ്ധമാരുറച്ചീടും.
സക്തിയുംദിനേദിനേവൎദ്ധിക്കുംമനസ്സിങ്കൽ
ഭക്തിസങ്കടത്തിങ്കലെന്നിയേയുണ്ടായ്വരാ!

---

1 ശുക്തി—മുത്തുച്ചിപ്പി

മിക്കതുമെല്ലാവൎക്കും ശീലമിങ്ങിനെപ്പിന്നെ
ച്ചൊല്ലിക്കൊള്ളും മയ്ക്കണ്ണിമാൎക്കേതു ചൊല്ലേണമോ?
ഭാഗ്യവും സൌഭാഗ്യവും സമ്പത്തുമാരോഗ്യവും
യോഗ്യഭാവവും ഭാഗ്യവതിയിൽക്രമത്താലെ
കുറഞ്ഞു കുറഞ്ഞുപോയ് മറഞ്ഞു ചമഞ്ഞിതു.
നിറഞ്ഞ [1]വൈരാഗ്യരോഷത്താലെമഹീന്ദ്രനും
നാട്ടിൽനിന്നാട്ടിക്കളഞ്ഞീടിനാൻ പുത്രനോടും.
കാട്ടിലും നാട്ടിലും പെട്ടുഴന്നു ശിവ ശിവ!
അരുതാതതുചെയ്തീടരുതാരുമേയെന്നും
കരുതീടേണം തന്റെ പരദൈവത്തെസ്സദാ.
വിരുതുഭാവിച്ചതു കരുതീടായ്കിലേവം
പരിതാപവുമേററം പെരുതാമറിഞ്ഞാലും.
അലഞ്ഞുപലവഴിയുലഞ്ഞുകാലുംകയ്യും
മെലിഞ്ഞുമെയ്യുംചെമ്മെ വലഞ്ഞു കഷ്ടം കഷ്ടം!
ദുഃഖത്തെസ്സഹിയാഞ്ഞു വെക്കത്തിൽചാവാനവർ
തക്കത്തിൽക്കാവേരിയിൽ ഒക്കത്തക്കവേവീണാർ
കുന്നേലും മുലയാൾക്കുമന്നാളിൽചെയ്തീടിന
പുണ്യാതിരേകംപുനരന്നാളിലുദിക്കയാൽ
നീരത്തിലൊലിച്ചിട്ടു ദൂരത്തുചെല്ലുന്നേരം
തീരത്തിന്നേകദേശം ചാരത്തായ്വന്നാരല്ലോ.
[2]നാവികൻകണ്ടു കരയേററിനാൻ, [3]പ്രാരബ്ധത്തിൻ
ഭാവികൎമ്മാനുബന്ധമാൎക്കാനും തടുക്കാമോ?

---

1 വൈരാഗ്യരോഷത്താൽ=രാഗാഭാവംകൊണ്ടുള്ള കോപത്താൽ
2 നാവികൻ=തോണിക്കാരൻ
3 പ്രാരബ്ധത്തിൽ ഭാവികൎമ്മാനുബന്ധം=പ്രാരബ്ധകൎമ്മത്തിന്റെ അവശിഷ്ടമായി അനുഭവിക്കാനിരിക്കുന്ന കൎമ്മഫലാഭോഗം എന്നൎത്ഥം

ദേഹകമ്പവും പേടിമോഹാലസ്യവുംനാണം
സ്നേഹവുംപൂണ്ടുനില്ക്കും മോഹനാംഗിയെത്തത്ര
ബാലകനോടുമൊരുശാലയിലാക്കിനിത്യം
പാലനംചെയ്തീടിനാൻ മാതാവെയെന്നപോലെ
കണ്മിഴികളിൽനിന്നു വന്മഴപെയ്യുംവണ്ണം
മെന്മേലേവന്നീടുന്നോരംബുവും തൂകിത്തൂകി
അമ്മയുമൊരുദിനം നിർമ്മലനായീടുന്നോ-
രമ്മകൻതന്നെനോക്കിത്തന്മതംചൊല്ലീടിനാൾ:—
"കന്മഷമേറീടുന്ന കർമ്മദോഷങ്ങളിഹ
ജന്മത്തിൽത്തന്നെയിന്നുമെത്രയോ ശിവ ശിവ!
നമ്മോളം പാപംചെയ്തോരിമ്മഹീതലംതന്നിൽ
ജന്മികളാരുമില്ലെന്നുണ്മയില്ലുറച്ചാലും
ജന്മനാശത്തിന്നൊരുവഴിയും കണ്ടീലഞാൻ
എന്മൂലംതന്നെയല്ലോനിന്മനോദുഃഖങ്ങളും
നിർമ്മഗാത്രന്നിൽവീണിട്ടെന്മരണവും വന്നീ-
ലംബുജജന്മാവേവംകല്പിച്ച ചിത്രം ചിത്രം!
നന്മയൊന്നുമേയരുതെന്മാനെന്തൊരുകർമ്മ-
മിമ്മഹാപാപിചെയ്തതുതോന്നുന്നീലയ്യോ!
പൊന്മണീമയ[1]മേടതന്മുകളിങ്കലിഴി-
ഞ്ഞിമ്മഹാരണ്യേനീചശാലയിലായേനല്ലോ

1 മേടതന്മുകളിങ്കലിഴിഞ്ഞു്=മേടയുടെ മുകളിൽനിന്നു ഇറങ്ങി.

ഉണ്മതുമവൻതന്നിട്ടെന്നതുനന്നല്ലനീ
പെണ്മണിയായമമാഗ്രജയെച്ചെന്നുകണ്ടാൽ
അമ്മാത്രംദാനംചെയ്യും തന്മാത്രംവാങ്ങിഭവാ
നമ്മാതാവിനെ വന്ദിച്ചിങ്ങുപോരികവേഗം"

സമ്മതനായബാലൻ അമ്മാതാവിൻെറ വാക്യം
തന്മൂൎദ്ധാവിങ്കൽധരിച്ചപ്പോഴേ നടന്നുപോയ്
ഉജ്ജ്വലകാന്തിതേടുമുജ്ജയിനിയിൽച്ചെന്നാ-
നജ്ജനമാനന്ദത്തിൽ മജ്ജനംചെയ്തീടിനാൻ
സജ്ജനസംഗത്തിലേസ്സജ്ജനംരമിച്ചിട്ടു
ദുർജ്ജനസംസൎഗ്ഗത്തിൽ ദുർജ്ജനംമോദിപ്പതും
സ്വച്ഛനാംബാലൻമുന്നമച്ഛനെ നമസ്കരി-
ച്ചൎച്ചനീയയാംമാതാവിനെയും വണങ്ങിനാൻ
വത്സലഭാവംപൂണ്ടു വത്സനെയെടുത്തുട-
നുത്സംഗേചേൎത്തുപുനരുത്സുകമനസ്സോടും
കുശലപ്രശ്നംചെയ്തു വിശദസ്മിതത്തോടും
അചലപ്രേമമുൾക്കൊണ്ടവിടെയിരുത്തിനാർ
ഭക്ഷ്യഭോജ്യാദിയെല്ലാം അക്ഷീണംനൽകിനൽകി
ശിക്ഷയിലനുക്ഷണം രക്ഷിച്ചു യഥാക്ഷേമം
ഏകാന്താനന്ദമൊരുമാസമിങ്ങിനെചെന്ന
ന്നേകാന്തേജ്യേഷ്ഠമാതാവോടവനറിയിച്ചാൻ
കഴിഞ്ഞവൃത്താന്തങ്ങളെപ്പേരുംകേട്ടമൂല-
[1]മഴന്നുമനമറേറമുഴന്നുപുണ്യവതീ

---

1 അഴന്നു=ദുഃഖിച്ചു (അഴലുന്നു എന്നതിൻെറ ഭൂതരൂപം)

ചിന്മയൻജഗന്മയൻവെണ്മതിചൂടുംപുരാൻ
നന്മയേകുകെന്നേവംവെണ്മയിൽപ്രാൎത്ഥിച്ചടൻ
അംബരംവിഭൂഷണംപൊന്മഹാരത്നങ്ങളും
അംബുജമിഴിയാൾക്ക കൊടുത്തുവിട്ടീടിനാൾ
ഒക്കവേ പരിഗ്രഹിച്ചക്കുമാരകൻപിന്നെ
തൽക്കഴലിണകൂപ്പിച്ചിക്കെന്നുപുറപ്പെട്ടാൻ
നടന്നു ചില ദേശം കടന്നോരനന്തരം
തുടന്നോരാലസ്യത്തെത്തീൎപ്പതിന്നായിട്ടൊരു
തടിനിയ്ക്കടെ [1]തടിവിടപിച്ചുവടന്ന-
ഞ്ഞടവോടിരുന്നവൻകെട്ടതിതിക്കുംവിധൌ
പടുതപംതേടും ഭൃതപ്പടയിലൊരുത്തൻവ-
ന്നെടുത്തുഭാണ്ഡം നീരിൽപൊട്ടുകെന്നിട്ടീടിനാൻ
വെള്ളത്തിൽതാണീടുന്ന ഭാണ്ഡത്തെക്കണ്ടുബാല-
നുള്ളത്തിൽക്കൊള്ളാതുള്ളദുഃഖമുൾക്കൊള്ളുന്നേരം
ചൊല്ലിനാൻമുകളിൽനിന്നു"ല്ലലിനല്ലല്ലോ; നീ
ചൊല്ലുകമാതാവിനോടെല്ലാമേവിശേഷങ്ങൾ
ചെല്ലുകവേഗമിനിനില്ലായ്കയിദ്രവ്യത്തിൽ
തെല്ലുമേകിട്ടാതവ കില്ലില്ലെന്നറിഞ്ഞാലും"
കുണ്ഠഭാവവുംപൂണ്ടുമണ്ടിച്ചെന്നവൻവീണ്ടും
കണ്ടിക്കാൎകുഴലാളെ ക്കണ്ടുചൊല്ലിനാനെല്ലാം.
[2]സോദൎയ്യാക്ഷേമത്തിന്റെ [3]വൈധുൎയ്യംനിനച്ചുള്ളിൽ
[4]കാതൎയ്യംപൂണ്ടീടിനാളെങ്കിലും പുണ്യവതീ

1 തടിവിടപി=കരയിലുള്ള വൃക്ഷം
2 സോദൎയ്യാ=സഹോദരി
3 വൈധുൎയ്യം=വൈകല്യം—ഭംഗം
1 കാതൎയ്യം=ഭയം

ചാതുൎയ്യമൂഹാപോഹാദിയിലേറുകയാലെ
മാധുൎയ്യശീലാംഗിയുമോൎത്തുകല്പിച്ചീടിനാൾ
കേദാരവ്രതംതന്നെയാദരിയാതെയിവ
ളേതാൻ വൈകൃത്യംചെയ്തീടിനാളെന്നന്തനം
ചോദിച്ചുപുത്രനോടും യോജിച്ച യുക്തിയെന്ന
മോദിച്ചിവനെക്കൊണ്ടനുഷ്ഠിപ്പിച്ചീടിനാൾ.
അമ്മക്കുവേണ്ടി നോറേറാരമ്മഹാവ്രതത്തിനാ-
ലംബുജശരാരിയും സന്തുഷ്ടനായീടിനാൻ.
നല്ലവരോടു പല വല്ലായ്മചെയ്തീടിലും
വല്ലതും നന്മയൊരു തെല്ലചെയ്തുള്ളതോൎത്തി-
ട്ടൊല്ലാവിപ്രിയംചെറവുംനില്ലാമാനസത്തിങ്കൽ
നല്ലസംസൎഗ്ഗത്തോളം നല്ലതില്ലൊന്നുമോൎത്താൽ.
ഉള്ളന്നംനീചന്മാൎക്കു നല്ലതെ ചെയ്താകിലും
വല്ലാതെമോഹംകൊണ്ടു വല്ലായ്മയൊന്നു ചെയ്കിൽ
ചൊല്ലാവല്ലഹോനല്ലതെല്ലാമേമറക്കുമെ
നാല്ലെല്ലോ വൈരംകൊണ്ടു കൊല്ലേണമെന്നാസ്ഥയും.
പുല്ലല്ലോ പശുക്കൾക്കുകൊടുപ്പൂദിനംപ്രതി
നല്ലപാലതിനുണ്ടായീടുന്നിതെല്ലാനാളും.
നല്ലപാമ്പിനു നറുംപാൽതന്നെകൊടുക്കിലും
കില്ലില്ലവിഷംതന്നെ പല്ലൂടെ പുറപ്പെടും.
ചൊല്ലുള്ളപകൽക്കും മററല്ലിനുമുള്ളഭേദം
ചൊല്ലമാകിലും പേ:രാസദസൽഭേദമോൎത്താൽ.

വ്രതവും സമപ്പ്പിച്ചു സുതനും ഭക്തിപൂവ്വം
സുതനരതാംതന്നോടതനരതങ്ങളും
മുമ്പിലേതിനെക്കാളുമൻപോടുവാങ്ങിക്കൊണ്ടു
മുമ്പിൽത്താനിരുന്നൊരുവമ്പുഴങ്കരെവന്നാൻ.
വമ്പുററീടുന്നഭ്രതംസമ്പത്തും കവൻുള്ള-
തിമ്പത്തോടവൻതൻെറ മുമ്പിൽക്കാണായിതദാ.
[1]തുമ്പത്താരണിമൌലിയമ്പുററീടുകില്ലണ്ടോ
തുമ്പത്താലുള്ളബന്ധം പിമ്പെത്തീടുന്നിതോത്താൽ.
കുമ്പിട്ടീടുകിലനുകമ്പിക്കും പുരാന്തകൻ
ഡംഭിക്കുന്നവക്കന്നേകമ്പത്തെകൊടുത്തീടും
കുംഭിത്തോലുടുത്തവൻചെമ്പൊൽത്താരടികുപ്പി
മുമ്പിൽത്തന്നുള്ളൊന്നതും കയ്യോണ്ടു നൃപാത്മജൻ
സ്തംഭിക്കും മനസ്സോടും മേവുന്ന മാതാവിൻെറ
മുമ്പിൽകൊണ്ടന്നുവെച്ചു നമസ്കാരവും ചെയ്താൻ.
ശംഭുകാരുണ്യത്തേയും സന്ത്രതി വണ്ണിക്കയാൽ
സന്ത്രീതിപൂണ്ടു ഭാഗ്യവതിയും പുൽകീടിനാൾ.
അമ്പിളിത്തെല്ലും പാമ്പും തുമ്പയും ചൂടും പുരാൻ
തമ്പദാംഭോജം മനക്കാമ്പിലുൾക്കൊണ്ടു വാണാർ.

അക്കാലം കാഞ്ചീനൃപമുഖ്യനും നായാട്ടിനായ്
അക്കാട്ടിൽപ്പുക്കാൻമൃഗവഗ്ഗത്തെത്തുടന്നപ്പോൾ

1 തുമ്പത്താരണിമൌലി = (തുമ്പപ്പൂ ചൂടുന്ന ശിരസ്സോടുകൂടിയവൻ) ശിവൻ
തുമ്പം—ദുഃഖം

അക്കനെക്കാളും തേജസ്സൎഗ്ഗംകൊണ്ടനാരതം
ദിക്കൊക്കെശ്ശോഭിപ്പിക്കും തൽകുമാരനെക്കണ്ടാൻ.
ഉൾക്കരുന്നറിവതിനുല്ലംണ്ടിച്ചപ്പോളവൻ
നില്ക്കുന്നപുത്രൻതന്നോടിത്തരംചൊല്ലീടിനാൻ
ശക്രനോമനോജനോചക്രിയോസോമനോവാ
നിക്കാണാകിയഭവാനാരെന്നു പറയേണം
തത്വത്തെഗ്രഹിച്ചെന്നിസ്വസ്ഥത്വംവരാമമ
വൃത്തത്തിൻയഥാതത്വംചിത്തത്തിൽധരിച്ചാലും.
സത്യത്തെച്ചൊല്ലീടേണം പത്ഥ്യത്തെച്ചെയ്യുൻഞാനെ-
ന്നുക്തത്തെകേട്ടനേരം സദ്വൃത്തോത്തമൻപുത്രൻ
നല്ലനാംകാഞ്ചീപുരീവല്ലഭൻതന്റെപുത്രൻ
ചൊല്ലെഴുംഭാഗ്യവതീനന്ദനനറിഞ്ഞാലും.
കല്യനാംഭവാനെഞാനറിഞ്ഞീലതുമിനി
കല്യാണംവരുംവണ്ണം കേൾപ്പാനുണ്ടത്യാഗ്രഹം.
ചൊല്ലുകെന്നവൻ ചൊല്ലും സല്ലാപംകേട്ടു ഭൂപൻ
ചൊല്ലിനാനല്ലലുൾക്കൊണ്ടുള്ളവണ്ണമേയെല്ലാം.
വന്ദിച്ചു തനയനുംനന്ദിച്ചുജനകനു-
മൊന്നിച്ചുഭാഗ്യവതിതന്നെച്ചെന്നുടൻകണ്ടാർ.
ചതുരംഗിണിയായ സേനയും വന്നുജവം
മധുരാധരിയെയാന്ദോളത്തിൽവെച്ചുമന്നൻ
ചതുരന്മാരിലഗ്രഗണ്യനാം പുത്രനോടും
ചതുരംബുധിയോളം മുഴങ്ങും വാദ്യത്തോടും

സന്തോഷിച്ചന്തഃപുരംപുക്കഭാമിനിയുടെ
സന്താപംപോക്കീടിനാൻലാളനാഭേദങ്ങളാൽ.
പണ്ടേതിൽപതിന്മടങ്ങുണ്ടായിതനുരാഗം
വണ്ടാർപൂങ്കുഴലാളെക്കൊണ്ടാട്ടംനൃപേന്ദ്രനും
ചുംബിച്ചും പുണൎന്നുമാഘ്രാണിച്ചുംസാരസ്യമാ-
ലംബിച്ചും മനക്കാമ്പിൽ ബിംബിച്ചുംപരസ്പരം
വൎണ്ണിച്ചും മണിതമാകൎണ്ണിച്ചും മാരചാപം
ഖണ്ഡിച്ചുമാനന്ദിച്ചുമൊന്നിച്ചുസദാകാലം
ഇന്ദ്രനുമിന്ദ്രാണിയുമെന്നതുപോലെധര-
ണീന്ദ്രനുമിന്ദുബിംബാനനയും വാണീടിനാർ.
പൂജ്യനാംനൃപേന്ദ്രന്റെ രാജ്യവാസികൾക്കെല്ലാം
പ്രാജ്യമാംസമ്പത്സുഖം യോജ്യമായ്തന്നുതദാ.
മഴയും കാലേകാലേ പൊഴിയും വേണ്ടുവോളം
പുഴയും നിറഞ്ഞെങ്ങും തഴയും ധാന്യങ്ങളും
പഴിയാതമ്മിലാരും മൊഴിയാനേരുകേടും
വഴിയെന്നിയേയെങ്ങും പിഴയാധൎമ്മങ്ങളും
മിഴിയാപരസ്ത്രീയിലഴിയാപാതിവ്രത്യം
കിഴിയാശത്രുക്കളോടൊഴിയാസത്യമെന്നും
മൊഴിയുംവഴിയും ചിന്തിച്ചീടും നൃപേന്ദ്രനും
മൊഴിയും കഴിവുമുണ്ടെല്ലാൎക്കും ഞായംപോലെ
ആത്മാനമാത്മനാകണ്ടാത്മനിലയിച്ചുഖ-
ണ്ഡാത്മനാനിരസ്തഭേദാത്മനാമഹീശ്വരൻ

ആത്മനാസമാനനാമാത്മജനോട്ടംസമാ-
നാത്മനാജനങ്ങളെപ്പാലിച്ചയഥാസുഖം
കേദാരവ്രതത്തിന്റെ മാഹാത്മ്യമീവണ്ണമെ
സാദരംപഠിക്കിലും കേൾക്കിലുമോർത്തീടിലും
ആധാരമില്ലാതവക്കാധാരഭൂതനായ
കേദാരേശ്വരൻ പ്രസാദിക്കുമെന്നറിഞ്ഞാലും
വ്രതത്തെയനുഷ്ഠിക്കും ജനത്തിന്നുള്ളപുണ്യം
മതിപ്പാൻ ബൃഹസ്പതി തനിക്കുമാമല്ലെടോ
സന്തതിദീർഘായുസ്സും യശസ്സും സൌഭാഗ്യവും
സന്തതമാരോഗ്യവും സമ്പത്തും സമൃദ്ധിയും
മററുവേണ്ടുന്നതെല്ലാമവന്നുസമ്പൂർണ്ണമായ്
ചുററും കേദാരവ്രതാനുഷ്ഠാനംകൊണ്ടുതാനാ
അററമില്ലതിനുടെ മഹത്വം നിരൂപിച്ചാൽ
ഉററുണ്ടന്നനുഷ്ഠിക്കിലേവക്കുംവരുംസുഖം
സജ്ജനമിതുകേട്ടു സമ്മാനിച്ചീടേണമേ
തജ്ജനത്തിന്നായ്ക്കൊണ്ടു സന്തതംനമസ്കാരം
ദുർജ്ജനംപരിഹസിയായ്കിലാരുള്ളുപുന
രിജ്ജനത്യക്തമായ പാപത്തിന്നാലംബനം
സജ്ജനങ്ങളിലല്ലോ പുണ്യങ്ങൾചേർന്നൊായം
തജ്ജനം ചെയ്തീടുന്നു ദുർജ്ജനെപാപങ്ങളും
സച്ചിദാനന്ദാത്മനി നിഷ്കളേനിഷ്കന്മഷേ
നിശ്ചയം പുണ്യപാപസ്പർശമില്ലൊരുനാളും

അജ്ഞാനജാതമല്ലോ പുണ്യപാപാദിദ്വന്ദ്വം
അജ്ഞാനിക്കെന്നിയുണ്ടോ തൽബന്ധംഭവിക്കുന്നു
സുജ്ഞാനസ്വരൂപത്തിൽ ബന്ധമോക്ഷാദിഭ്രമ
മജ്ഞാനമൊന്നുകൊണ്ടേ കല്പിതമെന്നുനൂനം
വിജ്ഞാനമജ്ഞാനത്തെ കളയുംക്രമത്താലെ
വിജ്ഞാനമുണ്ടായ്വരും സജ്ജനസംഗത്തിനാൽ
സജ്ജനസംഗംതന്നെ മുക്തിക്കുമൂലമെന്നു
സജ്ജനശ്ലാഘ്യൻ ഗുരുനാഥൻതാനരുൾചെയ്തു
പങ്കങ്ങളകലുവാൻസൽസംഗമെല്ലാവരും
ശങ്കയെന്നിയേസാധിച്ചീടുവിൻ സദാകാലം
പൈങ്കിളിപ്പൈതൽതാനുമീവണ്ണമറിയിച്ചു
ശങ്കരജയിച്ചരുളെന്നരുളിനാളന്നേ.

ശുഭം ശുഭം.

ഇതി കേദാരമാഹാത്മ്യം കഥാസാരസംക്ഷേപം സമാപ്തം.

ശ്രീഗുരുവരചരണാരവിന്ദ

ശ്രീദക്ഷിണാമൂർത്തയേനമഃ

MUL
159681
UNIVERSITY LIBRARY
28 DEC 1953
MADRAS
159681
36581
Q23:4194
32J3

-4 MAR 195-